Vol-3 / Issue -1 / March 2018

# ഫോർച്യൂൺ വോയ്സ്

**ശരീരത്തിലൂടെ ആത്മാവിലേക്ക്**





## പിതൃമൊഴി

**നിങ്ങൾ ഭക്ഷിക്കുന്ന ഭക്ഷണ സാധനങ്ങൾ പാവപ്പെട്ടവരുടേതാണ്. ഉപയോഗിക്കാതെ നിങ്ങൾ അലമാരയിൽ സൂക്ഷിക്കുന്ന വസ്ത്രങ്ങൾ പാവപ്പെട്ടവർക്ക് കടപ്പെട്ടതാണ്.**


**Fortune Voice**
Vol: 3, Issue : 1, March 2017



Chief Editor
**Sr Vimala George**

Associate Editor
**Sr Reena Maria**

Editor
**Sr Moncy Francis**

Editorial Board
**Sr Lilly Treesa, Sr Cicy Manuel, Sr Rosy Joseph, Sr Nirmala Kuriakose Sr Litty Xaviour, Sr Alphy Sebastian, Sr Shiny Anna James, Sr Remya Mathew**

Layout
**Sipson Antony**


# EDITORIAL




- നോമ്പ് ഒരു നോവല്ല
- ഈസ്റ്റർ: പ്രത്യാശയുടെ സുവിശേഷം
- സൗന്ദര്യമത്സരത്തിന്റെ വാണിജ്യ രാഷ്ട്രീയം
- 'നൂറിന്റെ സന്തോഷത്തിൽ മണ്ണും വിണ്ണും'
- യാത്രയിൽ സംഭവിക്കുന്നത്
- നവജാത ശിശു പരിപാലനം
- ബാഷ്പാഞ്ജലി
- സൈബർ വയലൻസ്
- വി. യൗസേപ്പ്: പ്രതീക്ഷയുടെ മനുഷ്യൻ
- ദൈവത്തിന്റെ കാരുണ്യസ്പർശം
- കാരുണ്യത്തിന്റെ പ്രവാചകൻ



Single Copy ₹15/- Annual ₹60/-

എഡിറ്റോറിയൽ



# പ്രത്യാശയുടെ വാതിൽ

പ്രത്യക്ഷത്തിൽ കാണുന്നതിനും അപ്പുറത്തേക്കു നോക്കാനുള്ള കണ്ണാണ് പ്രത്യാശ. വേദനകൾക്കും നീറ്റലുകൾക്കുമപ്പുറത്തേയ്ക്ക് എത്തി നോക്കാനുള്ള കണ്ണ്. ദൈവത്തിന്റെ സൗന്ദര്യം കാണുവാനുള്ള കണ്ണാണിത്. മരണനിഴൽവീണ താഴ്വരയിലൂടെയാണ് ഇന്നത്തെ ലോകത്തിന്റെ യാത്രകൾ അധികവും. ആധിയും വ്യാധിയും നിറഞ്ഞ മനസ്സുകൾ... എന്തിനോ ആർക്കോ വേണ്ടി അക്രമാസക്തമായ ഒരു കൂട്ടം മനുഷ്യർ.... യുദ്ധഭീക്ഷണികൾ എങ്ങും അലയടിക്കുന്നു. ഇന്നലെകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് നാളെയിലേയ്ക്ക് പ്രത്യാശയോടെ നോക്കുവാൻ അവർക്ക് ആവുന്നില്ല. മനുഷ്യജീവിതത്തിലെ ഇത്തരം പ്രഹേളികൾക്കുള്ള ഉത്തരം ഉത്ഥിതനായ ഈശോയാണ്. കാരണം, അവനിലാണ് മനുഷ്യത്വത്തിന്റെ സമ്പൂർണ്ണത. ഈശോയുടെ പീഡാനുഭവങ്ങൾ ഉത്ഥാനരഹസ്യത്തിലാണ് എത്തിനില്ക്കുന്നത്. ഈ മിശിഹാരഹസ്യം എല്ലാ മനുഷ്യർക്കും പ്രത്യാശയുടെ വാതിലാണ്. മരണനിഴൽ വീണ താഴ്വരയിലൂടെ നടക്കുവാൻ ഈ രഹസ്യം നമ്മെ സഹായിക്കുന്നു.

നമ്മെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്ന പാത ഏത്; പ്രത്യാശയുടെയും കാരുണ്യത്തിന്റേതും എന്നുത്തരം. രോഗമോ ദുരിതമോ മക്കളേക്കുറിച്ചുള്ള ആശങ്കയോ കുടുംബപ്രശ്നങ്ങളോ എന്തുമാകട്ടെ, അതിനപ്പുറത്തേയ്ക്ക് നോക്കുവാൻ സ്വാതന്ത്ര്യം നമുക്കുണ്ടാകുന്നത് പ്രത്യാശയുള്ളപ്പോഴാണ്. ദൈവത്തിന്റെ കയ്യിലാണ് എന്റെ ഭാവിയെന്ന ബോധ്യം നമ്മിൽ പ്രത്യാശയുളവാക്കുന്നു. ഈ ബോധ്യമാണ് ഇടുങ്ങിയ വാതിലുകൾക്ക് മുമ്പിൽ നിന്ന് നമ്മുടെ ജീവിതത്തെ വലിയ ചക്രവാളത്തിലേയ്ക്ക് നയിക്കുന്നത്. ഇവിടെയാണ് പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കുന്നത്; പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. അത് നമ്മെ സ്വതന്ത്രരാക്കുന്നു. വേദനകളോ കഷ്ടപ്പാടുകളോ ഒന്നും നമ്മെ തടവിലാക്കുവാൻ നാം അനുവദിക്കുകയില്ല.

അവഗണനകളുടെ തുരുത്തുകളിൽ തള്ളപ്പെട്ടവർക്ക് ആശ്വാസമായി, പ്രതീക്ഷ നഷ്ടപ്പെട്ടവർക്ക് പ്രത്യാശയായി, ആത്മീയാന്ധകാരം നിറഞ്ഞ കാലത്തിനുമേൽ ദൈവം കൊളുത്തിവച്ച ധന്യജന്മങ്ങളെ അനുസ്മരിക്കുന്ന കാലംകൂടിയാണല്ലോ ഈ നോമ്പുകാലം. പ്രത്യാശയറ്റവർക്ക് പ്രതീക്ഷയുടെ സാന്ത്വനമേകിയ ദൈവത്തിന്റെ വിശുദ്ധ യോഹന്നാനും, അനാഥർക്കും ആലംബഹീനർക്കും സ്നേഹാർദ്രതയുടെ കരങ്ങൾ നീട്ടിയ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസും നമ്മിൽ പ്രത്യാശയുടെ ദീപം തെളിക്കട്ടെ.

എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

*എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.*

**സസ്നേഹം**
**സി. വിമല ജി**



**സി. മേഴ്സി തോമസ് എസ്.സി.ജെ.ജി.**
**സുപ്പീരിയർ ജനറൽ**

# നോമ്പ് ഒരു നോവല്ല

'നോമ്പ് ദുഃഖത്തിന്റെ സമയമല്ല. മറിച്ച്, യഥാർത്ഥ സന്തോഷം ദൈവത്തിൽ മാത്രമാണെന്ന് തിരിച്ചറിഞ്ഞ് മിശിഹായുടെ വിളിക്കു കാതോർക്കേണ്ട, മാനസാന്തരത്തിന്റെ സമയമാണിത്' (പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ). ആത്മശോധനയിലൂടെയും പ്രാർത്ഥനയിലൂടെയും തിന്മയെ നേരിട്ടും പ്രലോഭനങ്ങളെ ചെറുത്തും നോമ്പിന്റെ ആന്തരികത ജീവിതത്തിൽ പ്രാവർത്തികമാക്കി, പ്രത്യാശയുടെ ആഘോഷമായ ഈസ്റ്ററിന്റെ സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുവാൻ ആത്മീയ പരിപാലനത്തിന്റെ ഈ കാലഘട്ടം നമ്മെ ക്ഷണിക്കുന്നു. വി. പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു: 'ഞാൻ പാപത്തിന് അടിമയായി വില്ക്കപ്പെട്ട ജഡികനാണ്. ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നെ എനിക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നതാണ് പ്രവർത്തിക്കുന്നത്' (റോമ. 7: 14-16). പാപത്തെക്കുറിച്ചുള്ള ഈ യഥാർത്ഥ്യബോധ്യമാണ് നമ്മിൽ അനുതാപത്തിന്റെ നീർച്ചാൽ തീർക്കുക.

ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ദൈവികജീവൻ അഥവാ കൃപാവരം നഷ്ടപ്പെടുത്താൻ ബദ്ധശ്രദ്ധനായിരിക്കുന്ന പിശാചിനെപ്പറ്റി നാം സദാ ജാഗരൂകരായിരിക്കണം. ദൈവത്തോട് തുലനം ചെയ്യുമ്പോൾ സാത്താന്റെ ശക്തി ഒന്നുമല്ലെങ്കിലും നമ്മെ സംബന്ധിച്ച് അവന്റെ ശക്തി വലുതാണ്. അതിനാൽ സാത്താനെ എതിർത്തു തോൽപ്പിക്കുവാൻ നമ്മുടെ ശക്തിയും കഴിവും മാത്രം പോരാ, അത്യുന്നതന്റെ ശക്തിതന്നെ വേണം. 'പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ' (മത്താ. 26:41). അനുദിനമുള്ള വ്യക്തിപരമായ പ്രാർത്ഥന അതിപ്രധാനമായ ഒരു ആയുധമാണ്. ഈശോ ഈ ആയുധമുപയോഗിച്ചാണ് ശത്രുവിനെ അനുദിനം കീഴ്പ്പെടുത്തിയത്. 'അതിരാവിലെ അവൻ ഉണർന്ന്, ഒരു വിജനസ്ഥലത്തേയ്ക്ക് പോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു' (മർക്കോ. 1:35). ദൈവവചനമാകുന്ന വാൾ അനുദിനമെടുക്കുവാൻ നാം ശ്രദ്ധിക്കണം. പരമോന്നത പ്രാർത്ഥനയായ ദിവ്യബലിയിലൂടെയും കുമ്പസാരത്തിലൂടെയും വിശുദ്ധിയിൽ മുന്നേറുവാൻ ശ്രമിക്കുന്നവരെ പിശാച് ഭയപ്പെടുന്നു. ലോകമാകുന്ന സമുദ്രത്തിലെ കോളിളക്കത്തിൽപ്പെട്ട് നാം നശിക്കാതിരിക്കാൻ പരിശുദ്ധ മറിയമെന്ന ബലവത്തായ നങ്കൂരത്തോട് ബന്ധിക്കപ്പെട്ട ജീവിതം നയിക്കാൻ നാം ശ്രദ്ധിക്കണം. ദൈവത്തിങ്കലേയ്ക്ക് നിരന്തരം നമ്മുടെ മനസ്സിനെയും ഹൃദയത്തെയും തിരിച്ചുകൊണ്ട് അനുദിനവും മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കാനുള്ള തീക്ഷണത നമുക്കുണ്ടാവട്ടെ.

'യുഗാന്ത്യം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' (മത്തായി 28-20). എന്ന ഉത്ഥിതനായ മിശിഹായുടെ വാഗ്ദാനമാണ് ഈ ഭൂമിയിൽ ജീവിക്കുന്ന നമ്മുടെ വലിയ പ്രത്യാശ. നമ്മുടെ സുഖത്തിലും ദുഃഖത്തിലും രോഗത്തിലും മരണത്തിലുമെല്ലാം ഉത്ഥിതൻ കൂടെയുണ്ടെന്ന പ്രത്യാശയിൽ നമുക്ക് ജീവിക്കാം. ഉയിർപ്പിന്റെ ജീവിതം നയിക്കുന്ന നമുക്ക് നമ്മുടെ സഹോദരങ്ങളുടെ സന്തോഷത്തിൽ - സങ്കടത്തിൽ എപ്പോഴും കൂടെ ഉണ്ടാവാം. കാരണം ഉത്ഥിതൻ അവസാനം വരെ നമ്മോടൊപ്പമുണ്ട്. അപ്പോഴാണ് നാം യഥാർത്ഥത്തിൽ ഉയിർപ്പിന്റെ ജീവിതം നയിക്കുന്നവരാകുക. തനിമയുള്ള എസ്.സി.ജെ.ജി സിസ്റ്റർ ആകുക. അതിനാൽ സകലവിധ ബന്ധനങ്ങളിൽ നിന്നും മോചിതരാകുവാൻ പ്രത്യാശയുടെ ഉത്സവമായ ഈസ്റ്റർ നമുക്ക് പുത്തൻ ഉണർവ്വും ആന്തരിക സ്വാതന്ത്ര്യവും നൽകട്ടെ.



**ഫാ. റോയി പാലാട്ടി**
**സി.എം.ഐ**

# ഈസ്റ്റർ: പ്രത്യാശയുടെ സുവിശേഷം

രണ്ടുമേരിമാരുടെ ചാരെയിരുന്ന് ഈ ആണ്ടിലെ ഈസ്റ്ററിനെ ധ്യാനിക്കാം. രണ്ടുപേരും കാൽവരിയുടെ കീഴിൽ കാത്തിരിപ്പുണ്ടായിരുന്നു. രണ്ടുപേരും ഉത്ഥാനത്തിലും പങ്കുചേർന്നു. വിശുദ്ധന്മാരുടെ മദ്ധ്യസ്ഥയാണ് ഈശോയുടെ അമ്മയായ മറിയമെങ്കിൽ, സുവിശേഷകന്മാരുടെ മാതൃകയാണ് മറിയം മഗ്ദലന. നസ്രത്തിലെ മേരിയും മഗ്ദനയിലെ മേരിയും തമ്മിൽ അടിസ്ഥാനപരമായ ഒരു വ്യത്യാസമുണ്ട്. ഒരാൾ അമ്മയും കന്യകയും പുത്രനെപ്രതി അനാദിയിലേ പരിശുദ്ധയുമെങ്കിൽ രണ്ടാമത്തവൾ കന്യാകാത്വത്തിന് ഏറെ മാനഹാനി വരുത്തിയവളും ഏഴു പിശാചുക്കൾ ബാധിച്ചിരുന്നവളും എല്ലാവിധത്തിൽ തകർക്കപ്പെട്ടവളുമായിരുന്നു. എന്നിട്ടും ഉത്ഥാനനാളിൽ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു.

നഷ്ടമായ ജീവൻ വീണ്ടെടുത്തു തന്ന രക്ഷകനിലായിരുന്നു മറിയം മഗ്ദലനയുടെ പ്രതീക്ഷയും ആശ്രയവും. എന്നാൽ, ദുഃഖവെള്ളിയിൽ അവൾ തകർന്നുപോയി. സ്വയംവഞ്ചനയുടെ ജീവിതത്തിന് വഴിത്തിരിവുണ്ടായത് ക്രിസ്തുവിനെ കണ്ടനാൾ മുതലായിരുന്നു. ഇന്ന് ആ തിരിനാളം അണഞ്ഞുപോയിരിക്കുന്നു. ഇനി ആരുടെ വെളിച്ചത്തിൽ ശിഷ്ടായുസ്സ് ജീവിച്ചുതീർക്കും? ഗതകാലത്തിന്റെ ജീർണ്ണതയിലേയ്ക്ക് മടങ്ങുവാൻ ഒരിക്കലും ആകില്ല.

അങ്ങനെയാണ് അന്ന് അവൾ വീണ്ടും രക്ഷകന്റെ കുഴിമാടത്തിലേയ്ക്ക് യാത്രയാകുന്നത്. മനസ്സിന്റെ കനത്തഭാരവും ഈറനണിഞ്ഞ മിഴികളുമായി കല്ലറയിലെത്തി. സ്നേഹത്തിന്റെ സുഗന്ധക്കൂട്ട് പൂശുക അവൾക്ക് ആനന്ദകരമായിരുന്നു അന്നും. പക്ഷെ, ആ പ്രഭാതത്തിൽ അവൾ രക്ഷകനെ അന്വേഷിക്കുമ്പോൾ ശവമഞ്ചമില്ല, കല്ലറ ശൂന്യം. തകർന്നുപോയി അവൾ. ഇനിയെന്തുചെയ്യും?. വാവിട്ടുകരയുമ്പോഴാണ് ആ ശബ്ദം അവൾ കേട്ടത്: 'സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്?'. ഉത്ഥിതനായ ക്രിസ്തുവിന്റെ ആദ്യവചനം മറിയം മഗ്ദലനയുടെ നിലവിളിക്കുള്ള ഉത്തരമായിരുന്നു. 'മറിയം' എന്ന് ഗാഭീര്യശബ്ദത്തിൽ രക്ഷകൻ വിളിച്ചപ്പോൾ പിന്നെയൊന്നും അവൾക്ക് പറയുവാനില്ലായിരുന്നു. അന്നുമുതൽ അവൾ അപ്പസ്തോലികയായി. അടുത്തിടെ ഫ്രാൻസീസ് പാപ്പ മറിയം മഗ്ദലനയുടെ തിരുനാൾ, വെറുമൊരു ഓർമ്മദിനം മാത്രമല്ല, മുഖ്യതിരുനാളുകളുടെ ഗണത്തിൽപ്പെടുത്തണം എന്നു നിർദ്ദേശിച്ചിരിക്കുന്നതും ഓർക്കുക.

ഇനിമുതൽ മഗ്ദലനയിലെ മറിയം മിഷനറിയാണ്. അവനായി ജീവിക്കുന്ന സകലർക്കും പ്ര

**ദുഃഖവെള്ളിയിൽ തീരില്ല മിശിഹാചരിത്രം എന്നറി യാവുന്നവൾ ഒരുപക്ഷെ അവർ മാത്രമായിരിക്കാം. ശിഷ്യരെ ഒരു കൈകൊണ്ട് ചേർത്തുപിടിച്ചും നാളെയുടെ വരവിനായി മറുകരം ഉയർത്തിയും അവൾ പ്രാർത്ഥിച്ചു,**


തീക്ഷപകരുന്ന മിഷനറി. Every saint has a past and every sinner has a future.

ഇനി നസ്രത്തിലെ മറിയം. ശനിയാഴ്ച ദിവസവും ആണ്ടുവട്ടത്തിലുള്ളതെല്ലാം ഈ മറിയത്തിന്റേ താണ്. കാര്യം അറിയുക. ദുഃഖശനിയുടെ ഗാഢവേ ദനയിൽ ശിഷ്യരെ പിടിച്ചുനിറുത്തിയത് അവളാണ്. ക്രിസ്തുവിന്റെ ഘോരപീഢകളുടെയും കുരിശുമര ണത്തിന്റെയും കഠിനനോവിൽ മനുഷ്യനും പ്രകൃ തിയും ഒരുപോലെ പ്രതികരിക്കുന്ന സമയത്തും സകലതും ഹൃദയത്തിൽ സംഗ്രഹിച്ചവളായിരുന്നു മറിയം. ദുഃഖവെള്ളിയിൽ തീരില്ല മിശിഹാചരിത്രം എന്നറിയാവുന്നവൾ ഒരുപക്ഷെ അവർ മാത്രമാ യിരിക്കാം. ശിഷ്യരെ ഒരു കൈകൊണ്ട് ചേർത്തുപി ടിച്ചും നാളെയുടെ വരവിനായി മറുകരം ഉയർത്തിയും അവൾ പ്രാർത്ഥിച്ചു, അന്ന് ശനിയാഴ്ച.

പുത്രന്റെ മടിയിൽ കിടന്ന് അമ്മമാർ മരിക്കുക സ്വാഭാവികമാണ്. അമ്മയുടെ മടിയിൽ ഛിന്നഭിന്ന മായ ആ ദേഹം വലിച്ചെറിയപ്പെട്ടത് അവൾക്ക് മറ ക്കുവാൻ കഴിയുന്നില്ല. രക്തത്തിന്റെ മണം അന്നും അവളുടെ പേശികളിൽ ഉണ്ടായിരുന്നു. എന്നിട്ടും അവൾ പറഞ്ഞുകൊണ്ടേയിരുന്നു: അവൻ എഴു ന്നേൽക്കും. അവൻ കുഴിമാടത്തിൽ നിന്നും ഉയിർ ത്തെഴുന്നേൽക്കും.

മറിയത്തിന്റെ ഉദരത്തിൽ ക്രിസ്തു രൂപംകൊ ണ്ടിട്ടേ മാനവരാശിയുടെ മുമ്പിൽ അവൻ പിറ ന്നുള്ളുവെങ്കിൽ, മറിയത്തിന്റെ നെഞ്ചകത്തിൽ ക്രിസ്തു ഉയിർത്തിട്ടേ അവൻ മറ്റുള്ളവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളു. കാരണം, അവൾ രക്ഷകന്റെ അമ്മയെന്നതുപോലെതന്നെ മാനവരാശിയുടെ അമ്മയാണ്, ദൈവത്തിന്റെ മകനാണ് ക്രിസ്തു, ഒപ്പം മറിയത്തിന്റെ ഓമന പൈതലും.

നിരാശയുടെ നിഴലിൽ ദുഃഖശനിയെ മറികട ക്കുവാൻ കഷ്ടപ്പെടുന്ന എല്ലാവർക്കും മുകളിൽ നിലാവായി മറിയം ഉദയം ചെയ്യുന്നുണ്ട്. ഈസ്റ്ററിലേ യ്ക്കുള്ള വഴി അവൾ കാണിച്ചുതരും. നിരാശയുടെ രാത്രിയിൽ അവളുടെ കരം ചേർത്തുപിടിക്കുക. തീർച്ചയായും പിറ്റേന്ന് പ്രഭാതത്തിൽ രക്ഷകൻ നിങ്ങൾക്ക് വിരുന്നൊരുക്കി കാത്തിരിക്കും.





**സാറാ ജോസഫ്**

# സൗന്ദര്യമത്സരത്തിന്റെ വാണിജ്യ രാഷ്ട്രീയം

നിങ്ങൾ നിങ്ങളുടെ ശരീരമാണെന്ന് ആവർത്തിച്ച് പറഞ്ഞു സ്ഥാപിക്കുക. ശരീരങ്ങളിൽ വെച്ചു സ്ത്രീശരീരം കൂടുതൽ സുന്ദരമാണെന്ന് പ്രചരിപ്പിക്കുക. സ്ത്രീശരീരത്തെ സൗന്ദര്യത്തോടുമാത്രം ബന്ധപ്പെടുത്തി കാണാൻ പ്രേരിപ്പിക്കുക. സുന്ദരമല്ലാത്ത സ്ത്രീശരീരത്തോടു പുരുഷന്മാർക്ക് പുച്ഛമാണെന്ന താക്കീത് നൽകുക. സൗന്ദര്യമാകട്ടെ ഉണ്ടാക്കിയെടുക്കാവുന്നതാണെന്ന് വാഗ്ദാനവും ചെയ്യുക. വർണ്ണശബളങ്ങളായ വനിതാപ്രസിദ്ധീകരണങ്ങളും മയക്കുപരസ്യങ്ങളും കൊണ്ട് മേൽപ്പറഞ്ഞ കാര്യങ്ങൾ സ്ഥാപിച്ചുറപ്പിച്ചതിനുശേഷം ലക്ഷക്കണക്കായ തങ്ങളുടെ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾ മാർക്കറ്റിലിറക്കുക. മനുഷ്യരുടെ ജീവിതാവശ്യങ്ങളിൽ സൗന്ദര്യവർദ്ധക വസ്തുക്കൾക്ക് അന്നപാനാദികൾക്കൊപ്പം മുഖ്യസ്ഥാനം വരുത്തിത്തീർത്തതിനു ശേഷം സ്വന്തം ഉൽപ്പന്നങ്ങൾക്ക് വികസ്വരരാജ്യങ്ങളിൽ വിശേഷിച്ചും അനായാസമായി വിപണി സൃഷ്ടിക്കാനുള്ള സാമ്രാജ്യ/കുത്തക മുതലാളി കച്ചവടലാക്കിന്റെ ഏറ്റവും ചൂടുള്ള തന്ത്രമാണ് ലോകസുന്ദരി/വിശ്വസുന്ദരി മത്സരങ്ങൾ.

പലരും വിചാരിക്കുന്നതുപോലെ ലോകത്താകമാനം അരിച്ചുപെറുക്കി ഏതാനും സുന്ദരിമാരെ തെരഞ്ഞുപിടിച്ച് അതിൽനിന്നൊരു ഭൂലോകസുന്ദരിയെ നെറ്റിപ്പട്ടം കെട്ടിച്ചുവിടുന്ന നിർദ്ദോഷമായ ഒരേർപ്പാടല്ല സൗന്ദര്യമത്സരങ്ങൾ. ഇതറിയാവുന്നവരാണ് അതിനെ നിശിതമായി വിമർശിക്കുന്നതും അതിനെതിരെ സ്ത്രീയുടെ അന്തസ്സിനെ ഉയർത്തിപ്പിടിപ്പിക്കുന്നതും. സാമ്രാജ്യതാൽപ്പര്യങ്ങളുടെ ഏജന്റുമാരായി പ്രവർത്തിക്കാൻ തയ്യാറുള്ള സംഘടനകളും സ്ഥാപനങ്ങളും ഇത്തരം മത്സരങ്ങൾക്ക് വേദിയൊരുക്കുകവഴി ചെയ്യുന്നത് തുറന്ന ലോകമാർക്കറ്റിന്റെ ഏറ്റവും വിപണനസാധ്യതയുള്ള കോളനിയാക്കി ഇന്ത്യയെ മാറ്റുക എന്നതാണ്.

ജനിച്ചുവീഴും മുൻപുതന്നെ ശരീരകേന്ദ്രീകൃതമായ ഒരു വ്യാപാര തന്ത്രത്തിന്റെ



ഇരകളായി നമ്മൾ മാറുന്നുണ്ട്. ഗർഭിണിയായ ഒരാധുനിക അമ്മയുടെ സ്വപ്നങ്ങൾ കുഞ്ഞിന്റെ ഇളം ചർമ്മത്തെ പരിപാലിക്കുന്നത് എന്ന് പരസ്യപ്പെടുത്തിയ ബേബിസോപ്പുകളും പൗഡറുകളും ഓയിലുകളുംകൊണ്ട് കുത്തിനിറയ്ക്കപ്പെടുന്നു. പ്രകൃതിയോട് ഇണങ്ങിച്ചേരുന്നതിനാവശ്യമായ പ്രതിരോധശക്തി നശിപ്പിക്കുന്ന ഈ ഉൽപ്പന്നങ്ങളിൽ പലതിനും കൈപൊള്ളുന്ന വിലയാണ് ഈടാക്കുന്നത്. പരസ്യങ്ങൾ ഒരു കുഞ്ഞിനെപ്പറ്റി മാതാപിതാക്കളിൽ രൂപപ്പെടുത്തുന്ന സങ്കൽപ്പങ്ങളിൽ കൊഴുത്ത പിഞ്ചോമനയ്ക്ക് മാത്രമേ സ്ഥാനമുള്ളു. വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നത് ഇങ്ങനെ തടിച്ചുകൊഴുപ്പിക്കുന്ന മിക്കവാറും ബേബി ഫുഡുകളിലും പാനീയവസ്തുക്കളിലും അപകടകാരികളായ കോർട്ടിസോണുകളുടെവരെ അംശങ്ങൾ കലർത്തുന്നുവെന്നാണ്. കമ്പോളമത്സരം അതിന്റെ വിശ്വരൂപം കാണിക്കുന്ന രംഗമാണ് ബേബി ഫുഡുകളുടെയും പാനീയ വസ്തുക്കളുടെയും പരസ്യങ്ങൾ. വിദഗ്ധരായ ഡോക്ടർമാരുടെയും ശാസ്ത്രജ്ഞന്മാരുടെയും താക്കീതുകളെ തള്ളിക്കളഞ്ഞുകൊണ്ട് പലപ്പോഴും അജ്ഞതയും അവഗണനയും മൂലം നമ്മുടെ മാതാപിതാക്കൾ കുട്ടികളെ ഇതെല്ലാം കൊടുത്ത് തടിപ്പിച്ചെടുക്കുന്നു. കുട്ടികളുടെ ഹോർമോൺ തുലനം തകരാറിലായാലും വേണ്ടില്ല, നാട്ടുകാരുടെ മുന്നിൽ പ്രദർശിപ്പിക്കാനൊരു കൊഴുത്തുരുണ്ട കുട്ടിവേണം എന്ന സ്വാർത്ഥതയാണ് ഇതിനു പിന്നിലുള്ളത്.

വളർച്ചയുടെ ഓരോ ഘട്ടത്തിലും ശരീരകേന്ദ്രീകൃതമായ ഈ കച്ചവടതന്ത്രം പലതരത്തിൽ നമ്മെ പിടികൂടുന്നുണ്ട്. കൗമാരത്തിൽ യുവതീയുവാക്കളുടെ ഏറ്റവും വലിയ പ്രശ്നം മുഖക്കുരുവാണെന്ന് സ്ഥാപിച്ചുകഴിഞ്ഞാൽ അതിനുള്ള നിവാരണികൾ എന്നപേരിൽ ആരും എന്തും മാർക്കറ്റിലിറക്കി ലാഭം കൊയ്യുകയുണ്ടായി. മിടുക്കും ഭാവനയുമുണ്ടെങ്കിൽ കോടികൾ കൊയ്തെടുക്കാനുള്ള മേഖലയാക്കി മുഖക്കുരു ബിസ്സിനസ്സിനെ വളർത്തിയെടുത്തു കഴിഞ്ഞിരിക്കുന്നു. ഇത്തരത്തിൽ ചർമ്മം, പല്ല്, നഖം, മുല തുടങ്ങി ശരീരത്തിലെ ഓരോന്നും കച്ചവടമേഖലകളാക്കി മാറ്റിയിരിക്കുന്നു.

രാസവസ്തുക്കളെ നിങ്ങൾ ഭയപ്പെടാൻ തുടങ്ങിയോ എന്ന് സംശയം ഉദിച്ചമാത്രയിൽ എല്ലാം ഹെർബൽ ആയി പ്രത്യക്ഷപ്പെടാൻ തുടങ്ങിയത് ശ്രദ്ധിച്ചുകാണുമല്ലോ. അടുത്തനിമിഷം നിങ്ങളുടെ ചായ്‌വ് യൂനാനിയുടേതായാൽ മിക്ക സൗന്ദര്യവർധക ഉൽപ്പന്നങ്ങളും യൂനാനിവിധിപ്രകാരം തീർത്തതായി അവകാശവാദങ്ങളുയരും.

സൗന്ദര്യത്തിൽ തൊലിയുടെ നിറം വളരെ പ്രധാനമാണെന്നും വെളുപ്പാണ് ഉന്നതമായ വർണം എന്നുമുള്ള പ്രചാരണത്തിന്റെ പിന്നിലുള്ളത് ലോകം കീഴടക്കാനുള്ള വെള്ളക്കാരന്റെ വർണവെറിയാണ്. ലോകത്തിന്റെ മുഴുവൻമേലും അവന്റെ വെളുത്ത വർണ്ണം മേധാവിത്വം പുലർത്തണമെന്ന് ആഗ്രഹിക്കുന്ന അവന്റെ കണ്ണിൽ കറുപ്പ് അധമവർണമാണ്. ഉഷ്ണമേഖലയിൽ താമസിക്കുന്നവരും സങ്കരവർഗ്ഗക്കാരുമായ ഇന്ത്യക്കാരിൽ ബഹുഭൂരിപക്ഷവും കറുത്തവരോ ഇരുനിറക്കാരോ ആണ്. തെക്കേ ഇന്ത്യ ദ്രാവിഢഗോത്രരുടേതാകയാൽ നമ്മുടെ സർവ്വസാധാരണമായ വർണ്ണം കറുപ്പാണ്. നമ്മുടെ കാലാവസ്ഥയ്ക്കും മണ്ണിനും പ്രകൃതിക്കും യോജിച്ചനിറമാണ് നമ്മുടെ തൊലിക്കുള്ളത്. എന്നാൽ അധികാരത്തിന്റെയും മേധാവിത്വത്തിന്റെയും ചൂഷണത്തിന്റെയും വർണമെന്ന



സാമ്രാജ്യ/കുത്തക മുതലാളിമാരുടെ വർണശബളമായ ഉൽപ്പന്നങ്ങളെ ഏതുവിലകൊടുത്തും ആസക്തിയോടെ വാരിക്കൂട്ടുന്ന നമ്മൾക്ക്, കൃത്യമായ ഒരു വസ്ത്രധാരണത്തിന്റെ രാഷ്ട്രീയം ഉണ്ടായിരുന്നെങ്കിൽ എത്രമാത്രം പാവപ്പെട്ട കുടുംബങ്ങൾ രക്ഷപെടുമായിരുന്നു!

നിലയിൽ മാത്രം നമ്മോട് ഇടപ്പെട്ട വെളുപ്പിനെ ഉത്തമവർണ്ണമായികണ്ടു ഭ്രമിച്ചുവശാവുകയും ബഹുമാനിക്കുകപോലും ചെയ്യുന്ന നമ്മുടെ സൗന്ദര്യബോധത്തിനുസാരമായ എന്തോ തകരാറുണ്ട്. ഇന്ത്യയ്ക്കകത്തും വർണ്ണത്തിന്റെ കാര്യത്തിൽ ഉത്തരേന്ത്യൻ/ദക്ഷിണേന്ത്യൻ എന്ന് ഭൂമിശാസ്ത്രപരമായും സവർണൻ/അവർണൻ എന്ന് ജാതിപരമായും ആര്യൻ/ദ്രാവിഡൻ എന്ന് ഗോത്രപരമായും മേല്/കീഴ്ബോധം സൃഷ്ടിച്ചുനിലനിർത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നിലനില്ക്കുന്നുണ്ട്.

ലോകസുന്ദരീ മത്സരങ്ങളിൽ ഈ വർണവിവേചനം കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. ഏറ്റവും കൂടുതൽ ലോകസുന്ദരികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് വെള്ളക്കാരികളിൽ നിന്നായത് ശ്രദ്ധിക്കുക. സൗന്ദര്യവർധക ഉൽപ്പന്നങ്ങളുടെ ഏറ്റവും നല്ല മാർക്കറ്റും കോളനിയുമായി ഇന്ത്യയെ ദീർഘവീക്ഷണത്തോടെ കണ്ടുകൊണ്ട് ഇന്ത്യക്കാരികളെ ലോകസുന്ദരികളായി തിരഞ്ഞെടുപ്പിച്ചത് തന്ത്രപരമായ കച്ചവടലാക്കോടെയാണ്. ഇരുനിറക്കാരും കറുത്തവരുമായ ഇന്ത്യൻ സ്ത്രീകളുടെ അഭിലാഷങ്ങൾ തൊലിവെളുപ്പിലേയ്ക്ക് വളർത്തിയെടുക്കുക എന്ന കച്ചവടതന്ത്രത്തിന് മോഡലുകളായി ഉപയോഗിക്കപ്പെട്ടവരും കൂടിയാണ് ഈ ലോകസുന്ദരികൾ. മാർക്കറ്റ് നിർദ്ദേശിക്കുന്ന ലേപനങ്ങൾ പുരട്ടിയും ഔഷധങ്ങൾ സേവിച്ചും സോപ്പുകൾ തേച്ചും ഓയിലുകളും ക്രീമുകളും കൊണ്ട് മസ്സാജ് ചെയ്തും പൗഡർ കുടഞ്ഞും ചർമകാന്തി വർധിപ്പിക്കാനുള്ള ശ്രമം ഏഷ്യൻ രാജ്യങ്ങളിലെ സ്ത്രീകൾ മുറയ്ക്ക് നടത്തുന്നത് ഈ വൻകച്ചവട വിജയത്തിന്റെ സൂചനയാണ്.

ഫേസ് പാക്കുകൾ എന്നപേരിൽ കുഴമ്പാക്കി മാർക്കറ്റിലെത്തുന്നതെന്തും വാങ്ങി മുഖത്തുതേക്കാനുള്ള ധൈര്യം നമ്മുടെ സ്ത്രീകൾ കൈവരിച്ചിരിക്കുന്നു. ഇങ്ങനെ വെളുപ്പിലേയ്ക്ക് സുലളിതമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന മാർക്കറ്റ് ഏഷ്യൻ രാജ്യങ്ങളിലെ സ്ത്രീകളുടെ തൊലിനിറത്തെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള ഉത്തമോപാധിയാക്കി മാറ്റിയിരിക്കുന്നു. കേരളത്തിലെ വനിതാ കോളേജുകളിൽ സൗന്ദര്യമത്സരങ്ങൾ സംഘടിപ്പിക്കുന്ന കുത്തക കമ്പനികൾ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സമ്മാനങ്ങൾ മാത്രമല്ല, പങ്കെടുക്കുന്ന ഓരോരുത്തർക്കും തങ്ങളുടെ സൗന്ദര്യവർധക ഉൽപ്പന്നങ്ങളുടെ ഒരു കിറ്റ് സൗജന്യമായി നൽകുന്നത് ദീർഘവീക്ഷണത്തോടെയുള്ള ഒരു ഇരകോർക്കലാണ്.

തുറന്ന ലോകമാർക്കറ്റിന്റെ വ്യാപാരതന്ത്രം വന്നതോടെ തദ്ദേശ സൗന്ദര്യവർധക ഉൽപ്പന്നങ്ങൾ കുത്തനെ താഴോട്ട് പോവുകയും ചെയ്തിരിക്കുന്നു. ഇതിനു മുമ്പ് വിദേശത്തുമാത്രം കിട്ടിയിരുന്ന– നിങ്ങളെ മോഹിപ്പിച്ചിരുന്ന – ഇന്ന സോപ്പ് അല്ലെങ്കിൽ പൗഡർ ഇന്ന് നിങ്ങളുടെ തൊട്ടടുത്ത കടയിൽ എന്നതരം പ്രലോഭനങ്ങളാണ് മാർക്കറ്റിൽ മുഴങ്ങി കേൾക്കുന്നത്. ഇതിനിടെ തുളസിയും മഞ്ഞളും ചന്ദനവും അടങ്ങിയതെന്ന അവകാശവാദത്തോടെ നാടൻ പ്രലോഭനങ്ങളുമുണ്ട്. ലോകമെങ്ങും അധികാരത്തിന്റെയും ചൂഷണത്തിന്റെയും വർണമായി തിളങ്ങുന്ന തൊലിവെളുപ്പിലേയ്ക്ക് എത്തിപ്പെടാനുള്ള നിഷ്ഫലയത്നമാണ് അനുഷ്ഠിക്കുന്നതെന്ന് തിരിച്ചറിഞ്ഞാലേ നമ്മുടെ സൗന്ദര്യബോധത്തിലെ സാരമായ തകരാറെന്തെന്ന് ബോധ്യമാവൂ.

മനസ്സിനോ ബുദ്ധിക്കോ വലിയ പ്രാധാന്യമില്ലാത്ത ശരീര കേന്ദ്രീകൃതമായ ഒരു സംസ്കാരം വളർത്തിയെടുക്കേണ്ടതും ഈ കച്ചവടതന്ത്രത്തിന്റെ ആവശ്യമാണ്. അനിയന്ത്രിതമായിക്കൊണ്ടിരിക്കുന്ന ലൈംഗിക അരാജക പ്രവണതകൾ ഈ കുത്തക കച്ചവട സംസ്കാരത്തിന്റെ സൃഷ്ടിയാണ്. ആത്മഭാവത്തിനു യാതൊരു പ്രാധാന്യവുമില്ലാത്ത ആഭാസകരങ്ങളായ ശരീരചലനങ്ങൾ എന്ന രീതിയാണ് വിഷ്വൽമീഡിയ ശരീരചലനങ്ങളെ അവതരിപ്പിക്കുന്നത്.

ആരോഗ്യകരമായ ലൈംഗിക പ്രണയത്തിൽനിന്ന് പ്രണയത്തെ എടുത്തുകളഞ്ഞിട്ട് ലൈഗിംകതയെ പ്രദർശനവസ്തുവാക്കലാണ് മുഖ്യ ഉന്നം. പ്രണയം ഒരു ജനതയുടെ സംസ്കാരിക നിലവാരം ഉയർത്തുന്ന സ്ത്രീപുരുഷബന്ധങ്ങളിൽ ഊന്നുന്നു എന്ന തിരിച്ചറിവുള്ളതുകൊണ്ടും പ്രണയിക്കുന്നവർക്ക് ലൈംഗികതയുടെ ആരോഗ്യകരമായ ഒരു രാഷ്ട്രീയം ഉള്ളതുകൊണ്ടും അതു തകർന്നാലേ കച്ചവടം സാധ്യമാകൂ എന്ന് സാമ്രാജ്യ–കുത്തക കച്ചവടതാൽപര്യത്തിന് അസ്സലായി അറിയാം. ലൈംഗികാവയവങ്ങളുടെ തുറന്ന പ്രദർശനവും നമ്മുടെ ചലനക്രമത്തിൽ നാമറിയാതെ കടന്നുവരുന്ന സെക്സിയാവുക എന്ന അവസ്ഥയും ശരീരത്തിനു നൽകുന്ന അമിതപ്രാധാന്യത്തിന്റെ സൃഷ്ടിയാണ്. ബ്രസ്റ്റ് ഇംപ്ലാന്റേഷൻ നടത്തിയ ഒരു സിനിമാനടി നമ്മുടെ യുവതികൾക്ക് മാതൃകയാവുന്നു. മൂക്കും മുലയും മുടിയും പറിച്ചുനടുന്ന ടെക്നോളജി അവരെ ആവേശം കൊള്ളിക്കുന്നു. ചുരുക്കത്തിൽ ശരീരത്തിന്റെ നാനാധർമ്മങ്ങളിൽനിന്ന് അതിനെ ലൈംഗികതയിലേയ്ക്ക് മാത്രമായി വെട്ടി

ച്ചുരുക്കുന്ന ഒരു സംസ്കാരം വളരുന്നുവരുന്നത് മേൽപ്പറഞ്ഞ കച്ചവടതന്ത്രത്തിന്റെ ആസൂത്രിത നീക്കം കൊണ്ടാണ്.

റെസലിങ്ങിൽ അമിതാവേശം കൊള്ളുന്ന നമ്മുടെ കൊച്ചുകുട്ടികളേയും യുവാക്കളേയും ശ്രദ്ധിക്കുക. മസിലുകളുടെ പ്രദർശനം അവരെ ഹരം പിടിപ്പിക്കുന്നു. മനുഷ്യൻ മനുഷ്യനെ മൃഗീയ മായി ആക്രമിക്കുന്നതും ചോരയൊലിപ്പിക്കുന്നതും അവർക്ക് ആർത്തുരസിക്കാനുള്ള വിനോദമാകുന്നു. ആക്രമിച്ച് കീഴടക്കപ്പെട്ടവനെയും മുറിവേറ്റുകി ടക്കുന്നവനെയും വീണ്ടും വീണ്ടും ആക്രമിക്കുന്ന, വേദനിപ്പിക്കുന്ന രംഗങ്ങൾ കണ്ടു ആർത്തുവി ളിക്കുന്ന കോമാളിവേഷങ്ങൾ നിറഞ്ഞ പടിഞ്ഞാ റൻപ്രേക്ഷകരുടെ കൂക്കിവിളികളോടൊപ്പം നമ്മളും പങ്കുചേരുന്നു. വെള്ളക്കാരുടെ ഗോദകളിൽ നിന്ന് നമ്മുടെ സ്വീകരണമുറിയിലേയ്ക്ക് ഒഴുകിയെത്തുന്ന ഈ സംസ്കാരം നമ്മുടെ കുട്ടികളെ ഹരം പിടിപ്പി ക്കുമ്പോൾ ആവശ്യം മണത്തറിയേണ്ട അപകടം നാമറിയാതെ പോവുകയാണ്.

ബുദ്ധിശൂന്യമായ മസിലുകൾക്ക് എന്തക്രമം കാണിക്കാനും മടികാണില്ലല്ലോ. ആൾക്കൂട്ടങ്ങൾ മസിലുകളുടെ ശേഷിപരീക്ഷകൾ നടത്തുന്നത് ഇതുകൊണ്ടാണ്. ക്യാമ്പസുകൾ കവിതയും രാഷ്ട്രീയവും ഉപയോഗിക്കുന്നതുപോലും മസി ലുകളുടെ തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ്. കലയേയും സാഹിത്യത്തേയും അപ്രധാനമാക്കു കയും സ്പോർട്സും ക്രിക്കറ്റും മുഖ്യസ്ഥാനത്തേക്കു കൊണ്ടുവരികയും ചെയ്തിരിക്കുന്നു.

സ്ത്രീകൾ അവരുടെ അവയവപ്രദർശനങ്ങൾക്കും പുരുഷന്മാർ മസിൽ പ്രദർശനങ്ങൾക്കും വേണ്ടി മാത്രം നിർദ്ദേശിക്കപ്പെടുന്ന ഒരു സമൂഹത്തിൽ അനിവാര്യമായും സംഭവിക്കുന്ന ചൂഷണങ്ങൾക്കും അക്രമങ്ങൾക്കും നാം വിധേയമായിക്കൊണ്ടിരി ക്കുകയാണ്. കൂട്ടബലാത്സംഗം, പെൺവാണിഭ ങ്ങൾ തുടങ്ങിയ അക്രമങ്ങളിൽ സമൂഹത്തിലെ അത്യുന്നതന്മാർപോലും മുഖ്യപങ്കുവഹിക്കാൻ തുടങ്ങിയിരിക്കുന്നു.

നാം എന്താണെന്ന് നാം ധരിക്കുന്ന വസ്ത്ര ങ്ങളും അവയവധാരണാരീതിയും കുറേയൊക്കെ വെളിപ്പെടുത്തും. മലയാളികൾ ലളിതമായി വസ്ത്രം ധരിക്കുന്നതിൽ ശ്രദ്ധയുള്ളവരായിരുന്നു. എന്നാൽ ഇന്ന് ടെക്സ്റ്റൈൽ വിപ്ലവം ഉണ്ടാക്കിയ കിടമത്സര ത്തിന്റെ ദയനീയരായ ഇരകളാണ് നമ്മൾ. ലോകത്തി റങ്ങുന്ന ഓരോ ഇഴയും നാം ഉപഭോഗം ചെയ്തേ പറ്റൂ എന്ന നില വന്നിരിക്കുന്നു. പുതിയ വേഷം മാർക്കറ്റിലിറങ്ങുന്നത് സെക്കന്റുകൾ കൊണ്ടാണ്. അതേവേഗത്തിൽ അപ്രത്യക്ഷമാവുകയും ചെയ്യുന്ന താണ് കിടമത്സരത്തിന്റെ രംഗം. ഇറങ്ങുന്ന ഓരോ തുണിയും വാങ്ങി ധരിച്ചില്ലെങ്കിൽ അപ്ടുഡേറ്റ് ആവില്ലെന്ന ഭയവും എല്ലാം വാങ്ങി ധരിച്ച് സുന്ദരി യാവാനുള്ള ദുരാഗ്രഹവും ദുശ്ശീലവും സ്ത്രീകളിൽ വളർത്തിയെടുക്കാൻ കച്ചവടതന്ത്രം സദാ ജാഗരൂ കമാണ്. ദൃശ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങളുടെ ഉന്നതനിലവാരം ഇക്കാര്യത്തിൽ അവർക്കുള്ള നിതാന്ത ജാഗ്രതയ്ക്ക് തെളിവാണ്.

പുരുഷന്മാരെ അപേക്ഷിച്ച് കുറ്റകരമായ ദുഷ്ചെ ലവാണ് വസ്ത്രാസക്തിമൂലം സ്ത്രീകൾ വരുത്തി വെക്കുന്നതെന്ന് പറയാതെ തരമില്ല. ഒരു കുടുംബ ത്തിന്റെ ആകെ വരുമാനത്തിന്റെ വലിയൊരു പങ്കും ചെലവാക്കിയാലേ കുടുംബത്തിലെ സ്ത്രീകൾക്ക് നാലാളേപ്പോലെ, മോഡേൺ ആയി വസ്ത്രം ധരി ക്കാൻ പറ്റൂ എന്നു വരുന്നത് കഷ്ടമാണ്.

സ്ത്രീകളുടെ വേഷത്തിൽ ബോധപൂർവ്വം സാരിക്കു നൽകുന്ന അതിമാന്യത ഇതേ കച്ചവട ക്കണ്ണിന്റെ കുടിലബുദ്ധിയാണ്. സാരി അഞ്ചരയും ആറും മീറ്റർ നീളമുള്ള ഒരു വസ്ത്രമാണ്. എന്നിട്ടും



ഈ അഞ്ചര മീറ്റർ തുണികൊണ്ടും ഉടുത്തില്ലെന്നു തോന്നുന്ന പ്രതീതി ഉണ്ടാക്കുക എന്നതാണ് ഫാഷൻ ലോകത്തിന്റെ ഇരട്ടത്താപ്പ്. ഒരു ശരാശരി സ്ത്രീ ശരീരം മാന്യമായി മറയ്ക്കണമെങ്കിൽ ഇത്രയേറെ തുണിയുടെ ഉപഭോഗം ആവശ്യമില്ല. ഈ അഞ്ച രമീറ്റർ തുണിക്ക് സാധാരണ നിലവാരത്തിലുള്ള വിലയും ഒത്തുനോക്കുക. സാമ്രാജ്യ/കുത്തക മുതലാളിമാർക്ക് വൻലാഭം കൊയ്യാനുള്ള അവ സരം സൃഷ്ടിക്കുന്നതിൽ സ്ത്രീകൾക്കുള്ള പങ്ക് വളരെ വലുതാണ്.

വസ്ത്രം, ആഭരണം, അലങ്കാരങ്ങൾ, സൗന്ദര്യ വർധകവസ്തുക്കൾ തുടങ്ങി സ്ത്രീകളുടെ മാത്രം ഉപഭോഗത്തിനായി വൈവിധ്യവും തീപിടിച്ച വിലയും ഉപഭോഗസംസ്കാരത്തിന്റെ ഇരകളായി കച്ചവട ലോകം എണ്ണുന്നത് സ്ത്രീകളെയാണെന്നതിന്റെ തെളിവാണ്. ഇതിനെല്ലാം ആസക്തമായ മനസ്സാണ് ഒരു സ്ത്രീക്കുള്ളതെങ്കിൽ അവളെ തൃപ്തിപ്പെ ടുത്താൻ കുടുംബത്തിന്റെ വരുമാനത്തിലെ പ്ര ധാനപങ്ക് അങ്ങനെ തന്നെ നീക്കിവെക്കേണ്ടിവരും. നിർമാണാത്മകമായി ചെലവഴിക്കേണ്ട പണത്തിന്റെ ദുരുപയോഗത്തിന് സ്ത്രീകൾ ഉത്തരവാദികളാ



വുകയാണ് ഇവിടെ. ഇക്കാര്യത്തിൽ ഒരു നല്ലശ തമാനം പുരുഷന്മാരെയും സ്ത്രീകൾക്ക് മാതൃക യായി എടുക്കാവുന്നതാണ്. മാതൃകാപരമായും ലളിതമായും മിതമായ ചെലവിലും പുരുഷന്മാർ വസ്ത്രധാരണത്തെ ഒതുക്കുന്നു.

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ കൈകൊണ്ടു നൂറ്റ നൂലുകൊണ്ട് നെയ്ത വസ്ത്രം ധരിക്കുക എന്നത് നമുക്കൊരു സമരമുറയായിരുന്നു. അതിൽ ത്യാഗവും സ്നേഹവും ഉത്തരവാദിത്വവും ഉണ്ടാ യിരുന്നു. അന്നും പകിട്ടും വിലക്കുറവും ഈടുമുള്ള മില്ല് വസ്ത്രങ്ങൾ മാർക്കറ്റിൽ ഉണ്ടായിരുന്നു. ഖദർ അഴകുകുറഞ്ഞതും അസൗകര്യം ഏറിയതുമാ യിരുന്നു. എന്നിട്ടും അതൊരു സമരചിഹ്നമായി നാം സ്വീകരിച്ചു. ഭൂതകാലത്ത് എല്ലാം ത്യജിച്ച് ഖദർ ധരിച്ചതിന്റെ പിന്നിൽ കൂട്ടായ്മയുടെയും ത്യാഗ ത്തിന്റെയും തുല്യതയുടേതുമായ ഒരു രാഷ്ട്രീയം നമുക്കുണ്ടായിരുന്നു. ഇന്ന് ഖദർ അത്തരം ഒരു ചിഹ്നമല്ല.

ഇന്നും നമ്മുടെ നാട്ടിൽ ഖാദി/കൈത്തറി മേഖ ലയിൽ അനേകായിരം പാവപ്പെട്ടവർ പണിയെടുത്ത് വസ്ത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. പക്ഷെ അവരുടെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നു. സാമ്രാജ്യ/കുത്തക മുതലാളിമാരുടെ വർണശബളമായ ഉൽപ്പന്നങ്ങളെ ഏതുവിലകൊടുത്തും ആസക്തിയോടെ വാരിക്കൂട്ടുന്ന നമ്മൾക്ക്, കൃത്യമായ ഒരു വസ്ത്രധാരണത്തിന്റെ രാഷ്ട്രീയം ഉണ്ടായിരുന്നെങ്കിൽ എത്രമാത്രം പാവ പ്പെട്ട കുടുംബങ്ങൾ രക്ഷപെടുമായിരുന്നു! കേര ളത്തിലെ ഉദ്ബുദ്ധരും അഭ്യസ്തവിദ്യരും ഉദ്യോ ഗസ്ഥകളുമായ സ്ത്രീകൾ മാത്രം വിചാരിച്ചാൽ പതിനായിരക്കണക്കിനു നെയ്ത്തുതൊഴിലാളി കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് മൂന്നുനേരം കഞ്ഞി കുടിക്കാൻ പറ്റും എന്ന യാഥാർത്ഥ്യം നമ്മുടെ സ്ത്രീകൾ തിരിച്ചറിയുമോ?

ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിന മേരിക്കയിലെയും ജനങ്ങൾ അഭിമുഖീകരിക്കുന്ന ക്രൂരജീവിതയാഥാർത്ഥ്യങ്ങളിൽ സൗന്ദര്യപ്രശ്ന ത്തിനു എന്തു പ്രസക്തിയാണുള്ളത്? ദാരിദ്ര്യം, രോഗം, പട്ടിണി മരണം, വരൾച്ച, കുടിവെള്ള ക്ഷാമം, നിരക്ഷരത, തൊഴിലില്ലായ്മ, വർണ്ണവിവേചനം, വംശീയ കലാപങ്ങൾ, അടിച്ചമർത്തലുകൾ, അഭ യാർത്ഥി പ്രശ്നങ്ങൾ, പലായനങ്ങൾ, സർവ്വോപ രി യുദ്ധം തുടങ്ങി നിലനിൽപ്പിന്റെ പരമപ്രധാന മായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഈ രാജ്യങ്ങൾക്ക് കഴിയുന്നില്ല.

ഇന്ത്യയിൽ മേൽപ്പറഞ്ഞ പ്രശ്നങ്ങളെല്ലാമുണ്ട്. അഴി

മതിയോടും ജനവഞ്ചനയോടും കൈകോർത്തുപിടിച്ച് ജനാധിപത്യത്തിന്റെ പേരിൽ പൈശാചികനീക്കം നടത്തുന്ന ഈ മുഖ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനു പകരം, ലോകശ്രദ്ധ ആകർഷിക്കാനും ടൂറിസം വികസിപ്പിക്കാനുമായി ഇന്ത്യയിലും ഒരു ലോകസുന്ദരീ മത്സരം നടത്തണമെന്ന താൽപര്യം ജനവഞ്ചനയാണ്. ഈ മഹാരാജ്യമാകെ പടർന്നു പിടിക്കുന്ന എയ്ഡ്സ്, പകർച്ചവ്യാധികൾ, പെൺവാണിഭങ്ങൾ, പെൺശിശുഹത്യകൾ, സ്ത്രീഹത്യകൾ, കൂട്ടബലാത്സംഗങ്ങൾ, സ്ത്രീകളുടെ പൗരാവകാശനിഷേധങ്ങൾ തുടങ്ങിയവയെ അവഗണിച്ചുകൊണ്ട് ഇവിടുത്തെ സ്ത്രീകളുടെമേൽ ഒരു ലോകസുന്ദരീമത്സരം അടിച്ചേൽപ്പിക്കപ്പെടുകയാണ്.

ജനങ്ങളുടെ അധ്വാനഫലം നികുതികളാക്കി പിഴിഞ്ഞെടുത്ത് അവരുടെ അടിസ്ഥാനജീവിതാവശ്യങ്ങളെക്കൂടി അവഗണിച്ചുകൊണ്ട് അഴിമതിയിലും തട്ടിപ്പിലും കൂടി കോടികൾ സമ്പാദിക്കാൻ ഭരണത്തെ ഉപയോഗിക്കുന്ന മൂല്യരഹിത രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രീണനനയവുമായി ലോകസുന്ദരി മത്സരത്തെ അനുകൂലിക്കേണ്ടി വന്നേക്കാം. എന്നാൽ ഇത് തൊണ്ടതൊടാതെ വിഴുങ്ങാൻ ഇവിടുത്തെ സ്ത്രീകൾക്ക് കഴിയില്ല. വൃത്തിയുള്ള ഒരു വിരിയിലേയ്ക്ക് ഒരു കുഞ്ഞിനെ പ്രസവിക്കാനുള്ള അവകാശംപോലും ഇന്നാട്ടിലെ പാവപ്പെട്ടവർക്കില്ല. നല്ലരീതിയിൽ പ്രവർത്തിക്കുന്ന പ്രസവാശുപത്രികളോ ഹെൽത്ത് സെന്ററുകളോ ഇല്ല. കുടിവെള്ളത്തിന്റെ രൂക്ഷമായ പ്രശ്നം ഭീകരമായ യാതനയായി സ്ത്രീകൾതന്നെ അനുഭവിക്കുന്നു. സാനിട്ടേഷൻ സൗകര്യങ്ങൾ ഇല്ലാത്ത നഗരത്തിലെ പാവപ്പെട്ട സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരമില്ല. കുടുംബാസൂത്രണത്തിന്റെ പേരിൽ കെട്ടിയേൽപ്പിക്കുന്ന വലിയ അനാരോഗ്യപ്രശ്നങ്ങളുടെ ബാധ്യത സ്ത്രീകളുടെ മേൽ ഇന്നും നിലനിൽക്കുന്നു. സ്ത്രീധനം പോലെയുള്ള ദുരാചാരങ്ങൾക്കെതിരെ ഫലപ്രദമായ നടപടികളില്ല. അക്രമിക്കപ്പെട്ട ഒരു സ്ത്രീക്ക് നീതി ലഭിക്കണമെങ്കിൽ വർഷങ്ങളോളം കാത്തിരിക്കണം. വിലക്കയറ്റത്തിന്റെ രൂക്ഷമായ പ്രശ്നങ്ങൾ സ്ത്രീകളെയാണ് ഏറ്റവുമധികം ബാധിക്കുന്നത്. ഇങ്ങനെ നോക്കിയാൽ ഇവിടുത്തെ വളരെ ചെറിയ ഒരു ശതമാനം സ്ത്രീകളൊഴിച്ചാൽ ബാക്കിയുള്ളവർ മുഴുവനും അനുഭവിക്കുന്ന വേദനാജനകമായ ജീവിതയാതനകളുടെ മുന്നിൽ ഒരു കൊഞ്ഞനംകുത്തലാണ് ലോകസുന്ദരീമത്സരങ്ങൾ. സൗന്ദര്യമത്സരങ്ങളെ



അനുകൂലിക്കുന്ന ശുദ്ധഗതിക്കാർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. സൗന്ദര്യം പ്രദർശിപ്പിക്കുന്നതിൽ എന്താണ് തെറ്റ്?

ഒരു മറുചോദ്യം ഇതിനു ബദലായി ഉന്നയിക്കാം. എന്താണ് സൗന്ദര്യം? ആരുടേതാണ് സൗന്ദര്യം? ജീവിതത്തിൽ ഇന്നോളം ഒരദ്ധ്വാനവും ചെയ്യേണ്ടിവന്നിട്ടില്ലാത്ത കുബേരകുമാരിമാരുടെ പെഡിക്യൂറും മാനിക്യൂറും ചെയ്തു മിന്നുന്ന ചായംതേച്ച കൈകാലുകളിൽ അഴകുവിരിയുന്നത് കണ്ട് പുളകം കൊള്ളുന്നവർ പാടത്തും പറമ്പിലും ഇഷ്ടികക്കളത്തിലും ചെമ്മീൻഫാക്ടറികളിലും കശുവണ്ടിക്കളങ്ങളിലും അടുക്കളയിലും പണിയെടുത്തു തേയുന്ന വിരലുകളിൽ സൗന്ദര്യം കാണാതെ പോകുന്നു. ആ അധ്വാനത്തിന്റെ സൗന്ദര്യമാണ് സമ്പന്നരുടെ നഖങ്ങളിൽ ചായമായി മിന്നുന്നതെന്ന് അറിയാതെ പോകുന്നു. ആദ്യത്തേത് രൂപത്തിന്റെ സൗന്ദര്യമാവാം. രണ്ടാമത്തേത് ഭാവത്തിന്റെ സൗന്ദര്യമാണ്. എന്തിലാണ് നമ്മൾ സൗന്ദര്യം ദർശിക്കേണ്ടത്? സൗന്ദര്യത്തിലെ വർഗപ്രശ്നം കാണാതെ പോകുന്നവർക്കേ ലോകസുന്ദരീപ്പട്ടം കെട്ടാൻ കൊതിച്ചു ചാടിപ്പോകുവാനും അതിനെ അനുകൂലിക്കുവാനും പറ്റൂ. ഇന്ന് ഉദ്ഘോഷിക്കപ്പെടുന്ന സൗന്ദര്യസങ്കൽപങ്ങളും സുന്ദരീമത്സരങ്ങളും ഒക്കെ ലോകത്തിലെ ഒരു ചെറിയ വിഭാഗം സമ്പന്നരുടെ ഉത്സവമേളകളാണ്. ലോകത്തെമ്പാടുമുള്ള കഷ്ടപ്പെടുന്ന മനുഷ്യർക്ക് അതിൽ കാര്യമൊന്നുമില്ല. പട്ടിണികിടന്നു മരിക്കുന്ന മനുഷ്യർക്കിടയിൽനിന്ന് വമ്പന്മാരുടെ അളവുകോലിനു പാകത്തിൽ ഇന്നോളം ഒരു സുന്ദരി തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല.



സി. റീന മരിയ എസ്.സി.ജെ.ജി

## ചരിത്രവഴികളിലൂടെ 3

## 100+100 = ഹൈറേഞ്ചും ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസും

# 'നൂറിന്റെ സന്തോഷത്തിൽ മണ്ണും വിണ്ണും'



ബ്രദർ ഫോർത്തുനാത്തൂസ് ഇന്നു ജീവിച്ചിരുന്നെങ്കിൽ പറയുമായിരുന്നു ആഘോഷങ്ങളൊന്നും 'വേണ്ട വേണ്ട' എന്ന്. തന്റേതായ യാതൊന്നിനും അദ്ദേഹം പ്രാധാന്യം കല്പ്പിച്ചിരുന്നില്ല. ആ രണ്ടു കരങ്ങളും എന്നും ആവശ്യക്കാരനിലേയ്ക്ക് നീട്ടിയിരുന്നു, ആ കണ്ണുകൾ ഇല്ലായ്മയെ കണ്ടിരുന്നു, ആ ചെവികൾ യാചനയുടെ സ്വരം കേട്ടിരുന്നു. അതായിരുന്നു ഹൈറേഞ്ചിന്റെ വല്യച്ചൻ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്.

ഹൈറേഞ്ചുമക്കൾ കുടിയേറ്റത്തിന്റെ നൂറാം പിറന്നാൾ ഘോഷിച്ചപ്പോൾ, ദൈവദാസൻ സ്വർഗ്ഗത്തിൽ നൂറാം ജന്മദിനം ഘോഷിച്ചു. ഹൈറേഞ്ചിലേയ്ക്കു കുടിയേറ്റം നൂറുവർഷം മുമ്പ് (1918) ആരംഭിച്ചപ്പോൾ ഹൈറേഞ്ചിന്റെ വല്യച്ചൻ ജർമ്മനിയിലെ ബർലിനിൽ ഷേണെബെർഗ്ഗ് എന്ന സ്ഥലത്ത് (1918 ഫെബ്രുവരി 27-ന്) ഭൂജാതനായി.ബർണാഡ് എന്ന ആ പിഞ്ചുപൈതൽ അറിഞ്ഞില്ല തന്റെ ഭാവിയിലെ കർമ്മഭൂമിയിൽ മനുഷ്യവാസം ആരംഭിച്ചെന്ന്.

വിദേശീയരായ യൂറോപ്യന്മാരും വൻകിടക്കാരായ ഉത്തരേന്ത്യക്കാരും തദ്ദേശിയരും വ്യാവസായികാടിസ്ഥാനത്തിൽ നാണ്യവിളകൾ ഉൾപ്പെടുന്ന തോട്ടം കൃഷിക്കായി മുണ്ടക്കയം, കാഞ്ഞിരപ്പള്ളി, എരുമേലി, പാലാ തുടങ്ങിയ മേഖലകളെ പരിപൂർണ്ണമായി വിനിയോഗിച്ചപ്പോൾ ഭക്ഷ്യാവശ്യങ്ങൾക്കുള്ള വാരകൃഷിക്കായി സാധാരണ

ജനങ്ങൾക്ക് ഭൂമി കിട്ടാതായി. ഇതു സാധാരണ ജനങ്ങളെ സാമ്പത്തിക തകർച്ചയിലേയ്ക്കും പട്ടിണിയിലേയ്ക്കും നയിച്ചു. ഒന്നാം ലോക മഹായുദ്ധം ആഗോളതലത്തിലേൽപ്പിച്ച സാമ്പത്തികാഘാതവും ഈ ഭൂമിദൗർബല്യവും ജനങ്ങളെ ഭക്ഷ്യാവശ്യങ്ങൾക്കായി പുതിയ ഭൂമി കണ്ടെത്താൻ പ്രേരിപ്പിച്ചു. 1915 മുതൽ പലപ്പോഴായി ഹൈറേഞ്ചിലെത്തി കൃഷിസാദ്ധ്യമായ ഭൂമിക്കായി അന്വേഷണം നടത്തിയെങ്കിലും കാട്ടുമൃഗങ്ങളുടെ ആക്രമണം, പ്രതികൂലമായ കാലാവസ്ഥ, മാരകരോഗങ്ങൾ, അപകടമരണങ്ങൾ എന്നീ കാരണങ്ങളാൽ ആ ഉദ്യമങ്ങളെല്ലാം പാതിവഴിയിൽ ഉപേക്ഷിച്ച് തിരികെ പോകേണ്ടി വന്നു. എന്നാൽ 1918-ൽ ചീന്തലാർ എസ്റ്റേറ്റിനും കാക്കത്തോട് റിസർവ്വ് ഫോറസ്റ്റിനുമിടയിൽ കൃഷിക്കാർക്കു യോഗ്യമായ റവന്യൂ ഭൂമിയുണ്ടെന്ന വിവരം ലഭിച്ചതനുസരിച്ച് ഏതാനും കുടുംബങ്ങൾ പൂഞ്ഞാർ കുരിശുമലവഴി ഉപ്പുതറയിലെത്തി. ഉപ്പുതറയിൽ നടന്ന വിജയകരമായ ഈ കുടിയേറ്റമാണ് ഹൈറേഞ്ചിലെ അയ്യപ്പൻകോവിൽ (മേരികുളം, കാഞ്ചിയാർ) കട്ടപ്പന, മ്ലാമല തുടങ്ങിയ മേഖലകളിലേയ്ക്ക് പിന്നീട് വ്യാപിച്ചത്. തുടർന്ന് ഘട്ടംഘട്ടമായി രണ്ടും മൂന്നും കുടിയേറ്റങ്ങൾ നടന്നു. എന്നാൽ ഈ ഘട്ടങ്ങൾക്ക് പ്രേരണയും ആത്മവിശ്വാസവും നൽകിയത് ഉപ്പുതറയിൽ നടന്ന ആദ്യഘട്ട കുടിയേറ്റത്തിന്റെ മാതൃകയും വിജയവുമാണ്. ഹൈറേഞ്ച് ചരിത്രഘട്ടങ്ങൾ പിന്നിടുമ്പോൾ ഭാവിയിൽ ഹൈറേഞ്ചിലെ പാവങ്ങളുടെ പിതാവാകുവാനുള്ള ബ്രദർ ഫോർത്തുനാത്തൂസും തന്റെ ജീവിതത്തിൽ അതിസാഹസികമായ പല ഘട്ടങ്ങളെ പിന്നിടുകയായിരുന്നു.

ഒന്നാം ലോകമഹായുദ്ധം (1914-1918) ജർമ്മനിയെ സാമ്പത്തികമായി തകർത്തു. തൊഴിൽ പ്രശ്നം രൂക്ഷമായി, ചരിത്രത്തിലെ കൊടിയ ദുർവിധിമൂലം ജർമ്മനി ഒരു രക്ഷകനെ പ്രതീക്ഷിച്ചിരിക്കും കാലം- ഈ കാലഘട്ടത്തിൽ ബർണാർഡ് (ബ്രദർ ഫോർത്തുനാത്തൂസ്) ഭൂമിയിലേയ്ക്ക് പിച്ചവച്ചു. 1920 താൻഹോയ്സർ കുടുംബം സിലേസിയയിലേയ്ക്ക് താമസം മാറ്റി. പിതാവ് സിലേസിയായിൽ വോൾപ്പസ്ഡോർഫിൽ ഫോറസ്റ്റ് ഓഫീസറായി നിയമിതനായി, കൊച്ചു ബർണാഡിന് രണ്ടു സഹോദരങ്ങൾ കൂടി ജനിച്ചു, ആ കുടുംബം സന്തോഷത്തിലും സമാധാനത്തിലും മുന്നോട്ടുനീങ്ങി, രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി ഇവരെ കാര്യമായി ബാധിച്ചില്ല. തന്റെ 17 വയസ്സുവരെ ബർണാഡ് മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം വീട്ടിലും നാട്ടിലും സംപ്രീതനായി ജീവിച്ചു. പിതാവിന്റെ കൃത്യനിഷ്ഠയും, ജോലിയോടുള്ള പ്രതിപത്തിയും പ്രകൃതിയോടുള്ള താല്പര്യവും സാമൂഹിക കൂട്ടായ്മയും അമ്മയുടെ മാതൃസ്നേഹവും ദൈവഭക്തിയും സഹജീവികളോടുള്ള സഹാനുഭൂതിയും ആവശ്യക്കാരനുനേരെയുള്ള സഹായസന്നദ്ധതയും എല്ലാം മകന്റെ ജീവിത പന്ഥാവിൽ... 

1935-ൽ ബർണാഡ് തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ദൈവവിളിക്ക് പ്രത്യുത്തരമേകിക്കൊണ്ട് ബ്രസ്ലൗവിൽ ഹോസ്പിറ്റാലർ ബ്രദേഴ്സിന്റെ സന്യാസസമൂഹത്തിൽ ചേർന്ന് 1936 നവം 21-ന് ആദ്യവ്രതവാഗ്ദാനം നടത്തി ബ്രദർ ഫോർത്തുനാത്തൂസ് എന്ന നാമം സ്വീകരിച്ചു. തുടർന്ന് ബ്രദേഴ്സിന്റെ ഹോസ്പിറ്റലിൽ സേവനനിരതനായി 1938-ൽ നേഴ്സിംങ് പഠനവും 1942 എക്സ്റേ-ലാബ്ടെക്നീഷൻ പഠനവും പൂർത്തിയാക്കി. എന്നാൽ ഇതിനിടയിൽ, 1938-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ബ്രദർ ഫോർത്തുനാത്തൂസും ഏതാനും പ്രായംചെന്ന ബ്രദേഴ്സും ഒഴികെ ബാക്കി എല്ലാ ബ്രദേഴ്സും നിർബന്ധിത സൈനികസേവനത്തിന് വിളിക്കപ്പെട്ടു. 300 രോഗികളുള്ള ഹോസ്പിറ്റൽ ഈ ചുരുക്കം ആളുകൾ ശുശ്രൂഷ നടത്തേണ്ടിയിരുന്നു. എന്നാൽ കാരിത്താസ് സിസ്റ്റേഴ്സിന്റെ സഹായം ലഭിച്ചു. യുദ്ധം അതിന്റെ ഭീകരരൂപം ധരിച്ചു. യുദ്ധാടിസ്ഥാനത്തിൽ ഹോസ്പിറ്റലിന്റെ കുറേഭാഗം മിലിട്ടറി ആരോഗ്യരക്ഷാസംവിധാനത്തിനായി ക്രമീകരിക്കാൻ നിർദ്ദേശം ലഭിച്ചു. 1941-ൽ സൈനിക ആശുപത്രിയായി മാറി 300 ആയിരുന്ന രോഗികളുടെ എണ്ണം ക്രമേണ 500 ഉം പിന്നീട് 600 ആയി. ദൈവികനിയോഗത്തിന്റെ വെളിച്ചം വീശുന്നതും തനിക്കു താൽപര്യമേറിയതുമായ രോഗിശുശ്രൂഷയിൽ ബ്രദർ മുന്നോട്ടുപോയി. എന്നാൽ യുദ്ധത്തിന്റെ കാഠിന്യത്താൽ പലപ്പോഴും ബോംബു വർഷത്തിനിടയിൽ ജീവൻ-മരണ പോരാട്ടത്തിനിടയിലുള്ള ജീവൻ-മരണ പോരാട്ടമായി അത് മാറി. 1945 മെയ് 8 -ന് യുദ്ധം അവസാനിച്ചു. ജർമ്മനി പരാജയപ്പെട്ടു. ആറരകോടി മനുഷ്യരെ ഈ യുദ്ധം ഭൂമിയിൽനിന്നും തുടച്ചുനീക്കി. ബ്രദർ ഫോർത്തുനാത്തൂസിന്റെ ജീവിതത്തിലും യുദ്ധം അതിന്റെ മാരകമായ മുറിവേൽപ്പിച്ചു. തന്റെ ഒരു സഹോദരനും വാത്സല്യനിധിയായ അമ്മയും ഈ കാലഘട്ടത്തിൽ (1944) മരണം വരിച്ചു. തുടർന്ന് 1949-ൽ മറ്റേ സഹോദരനും മരണപ്പെട്ടു. ബ്രസ്ലൗ പോളണ്ടിന്റെ കീഴിൽ വന്നു. പോളൻഭാഷ നിർബന്ധമായി. യുദ്ധത്തിനുപോയ ബ്രദേഴ്സ് കുറേപ്പേർ തിരിച്ചെത്തി. അധികാരികളുടെ അഭാവത്താൽ നടത്താനിരുന്ന തന്റെ നിത്യവ്രതവാഗ്ദാനം 1946 ജൂലൈ 21-ന് ബ്രസ്ലൗവിൽ വെച്ച് നടത്തി. ഇതു

പോളൻ ഭാഷയിലായിരുന്നു നടത്തിയത്. പോളൻ ഭാഷ അറിയാത്തവരും വിദേശികളും അവിടം വിട്ടുപോകാൻ പോളണ്ട് ഗവൺമെന്റ് ഉത്തരവിട്ടു. ബ്രസ്ലൗവിൽതന്നെ തന്റെ രോഗീശുശ്രൂഷ തുടരുവാൻ ബ്രദർ ആഗ്രഹിച്ചെങ്കിലും 1950 ഏപ്രിലിൽ നിർബന്ധിതമായി അവസാനംവരെ പിടിച്ചുനിന്ന മറ്റു ബ്രദേഴ്സിനോടൊപ്പം നാടുകടത്തപ്പെട്ടു. യുദ്ധക്കെടുതികൾ രാജ്യത്തെ ഞെരുക്കിയപ്പോഴും പ്രതിസന്ധികൾക്കിടയിലൂടെ അതിജീവനത്തിന്റെ കരുത്തുമായി കർത്താവിന്റെ ആ കർമ്മയോഗി കരുത്താർജ്ജിക്കുകയായിരുന്നു.

## നിലം പൊത്തിയിടത്തുനിന്നു വീണ്ടും തുടങ്ങി.

രണ്ടാം ലോകമഹായുദ്ധം നാശകൂമ്പാരമാക്കിയ ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിലേയ്ക്കാണ് അധികാരികൾ ബ്രദറിനെ നാലാഴ്ചയിലെ ഓബർമാർഷ്ത്താളിലുള്ള ഇടവേളയ്ക്കുശേഷം അയച്ചത്. പോളണ്ടിൽ നിന്ന് നാടുകടത്തപ്പെട്ട ജർമ്മൻ ബ്രദേഴ്സിന്റെ പുതിയ പ്രേഷിതമേഖലയുള്ള വഴിത്താര തീർക്കുവാൻ 1950 മെയ് 19-ന് അദ്ദേഹം ഫ്രാങ്ക്ഫർട്ടിൽ എത്തിച്ചേർന്നു. എങ്ങും കെട്ടിടത്തിന്റെ തകർന്നടിഞ്ഞ കൂനകൾ...വിശ്വാസജീവിതത്തിൽ ചിട്ടയായ അടിത്തറപാകിയ ആ മനസ്സിന് മൺകൂനകൾക്കപ്പുറം- ദൈവികപദ്ധതിയിലെ വിശാലമായ തന്റെ കർമ്മമണ്ഡലം കാണുവാൻ സാധിച്ചു.

## ദൈവപരിപാലനയുടെ 19 വർഷങ്ങൾ...

ഒരു വർഷംകൊണ്ട് ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടത്തിൽനിന്ന് 'ബ്രദേഴ്സ് ഹോസ്പിറ്റൽ'ഉയർന്നുവന്നു (1951). 1963 ഫാൾക്കൻസ്റ്റെയിനിൽ പ്രായമായവർക്കുവേണ്ടിയുള്ള ഒരു വൃദ്ധസദനവും തുടങ്ങി. ഡൂട്ടൻസ്റ്റെയിൻ എന്ന സ്ഥലത്ത് ക്ഷയരോഗികൾക്ക് വേണ്ടിയുള്ള ഒരു റീഹാബിലിറ്റേഷൻ സെന്റർ 1947-ൽ തുടങ്ങിയിരുന്നു. സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സ് എല്ലാവർക്കും പ്രിയപ്പെട്ടവരായി. അവരുടെ പ്രവർത്തനം അനേകർക്കാശ്വാസമായി, 'കരുണയുടെ സഹോദരന്മാർ' എന്ന് അവർ അറിയപ്പെട്ടു. പ്രവർത്തനമണ്ഡലങ്ങൾക്കൊപ്പം പ്രവൃത്തിചെയ്യാനുള്ള ധാരാളം ബ്രദേഴ്സും രൂപപ്പെട്ടുകൊണ്ടിരുന്നു.

വസന്തവും ശിശിരവും മാറിമാറി കടന്നുപോയി... ജർമ്മനിയിൽ സഭ വളർന്നു തുടങ്ങി. എല്ലാം നന്നായി വരുന്നതുകണ്ടപ്പോൾ ദൈവത്തിനുള്ള നന്ദിസൂചകമായി പാവപ്പെട്ട രാജ്യങ്ങളിൽ എവിടെയെങ്കിലും സെന്റ് ജോൺ ഓഫ് ഗോഡ് സഭയുടെ സേവനം ആവശ്യമായി കാണുന്നിടത്ത് മിഷൻ ആരംഭിക്കാം എന്ന് അദ്ദേഹത്തിന്റെ മനസ്സു മന്ത്രിച്ചു.. ഇന്ത്യയെക്കുറിച്ചും ഗാന്ധിജിയെക്കുറിച്ചും ധാരാളം വായിച്ചു മനസ്സിലാക്കിയ അദ്ദേഹം ഒരു മിഷൻ തുടങ്ങിയാൽ അത് ഇന്ത്യയിൽ തന്നെ എന്നു മനസ്സിലുറപ്പിച്ചു.

## ഇന്ത്യൻ മിഷൻ

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന് ഇന്ത്യയിലേയ്ക്ക് സ്വാഗതമരുളിയത് ദൈവദാസനായ മാർ മാത്യു കാവുകാട്ട് തിരുമേനിയായിരുന്നു. നന്മചെയ്യുന്ന സഹോദരന്മാർ എന്നർത്ഥമുള്ള 'Fate bene frateli' എന്ന് ഇറ്റലിയിൽ വിളിക്കപ്പെട്ടിരുന്ന സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സിനെ പിതാവിന് പരിചയമുണ്ടായിരുന്നു. ഇവരെപ്പോലുള്ളവരെ തന്റെ രൂപതയിൽ ലഭിച്ചിരുന്നുവെങ്കിൽ എന്ന് ആ പുണ്യപുരുഷൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ദൈവീകപദ്ധതികൾ സഫലമാകുന്ന നിമിഷമെന്നോണം ജർമ്മിനിയിൽ വന്ന പിതാവിനെ എയർപോർട്ടിൽ ചെന്നു കൊണ്ടുവരാനുള്ള സാഹചര്യം ബ്രദർ ഫോർത്തുനാത്തൂസിനു കൈവന്നു. ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു എന്നുവേണം അതിനെ കരുതാൻ. ബ്രദറിന്റെ ഇന്ത്യൻമിഷൻ തുടങ്ങുന്ന ആഗ്രഹം പിതാവിനെ അറിയിച്ചു. പിതാവ് അതിനെ സ്വാഗതം ചെയ്തു.

1967 -ൽ ഈ സ്വാഗതം സ്വീകരിച്ച് ബ്രദർ കേരളത്തിലെത്തി. മരം കോച്ചുന്ന തണുപ്പിൽ നിന്ന് ഒറ്റദിവസംകൊണ്ട് ചുട്ടുപൊള്ളുന്ന ചൂടിലേയ്ക്ക്. ഇതായിരുന്നു ആ യാത്രയുടെ അകലം ! അദ്ദേഹം ചങ്ങനാശ്ശേരി രൂപതയുടെ മിഷൻ പ്രദേശങ്ങളെല്ലാം സന്ദർശിച്ചു. ഈ സമയം കട്ടപ്പനയുടെ അന്നത്തെ ആത്മീയപാലകനായിരുന്ന ഫാ. ജോസഫ് മേപ്രകരോട്ട് കട്ടപ്പനയിൽ ബ്രദേഴ്സിന്റെ സേവനം ആത്യാവശ്യമാണെന്ന് പിതാവിനെ അറിയിച്ചു. ഇടുക്കിയിലെ കുടിയേറ്റസ്ഥലമായ കട്ടപ്പനയിലെ ആളുകളുടെ ദുരിതപൂർണ്ണമായ അവസ്ഥ ബ്രദർ മനസ്സിലാക്കി. റോഡില്ല, കറണ്ടില്ല, വണ്ടി സൗകര്യമില്ല, ഹോസ്പിറ്റൽ ഇല്ല, ഉള്ളത് ദാരിദ്ര്യവും പട്ടിണിയും രോഗവും മറ്റും. ബ്രദർ കട്ടപ്പനതന്നെ തന്റെ മിഷന്റെ തുടക്കം എന്നു മനസ്സിലുറപ്പിച്ചു തിരിച്ചുപോയി.

രണ്ട് വർഷം കാത്തിരിക്കേണ്ടിവന്നു വിസയ്ക്കായി. ഈ കാലയളവിൽ വളർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന ഒരു സഭാസമൂഹത്തിന്റെ പ്രതീക്ഷയായിരുന്ന അദ്ദേഹം തന്റെ സ്ഥാനമാനങ്ങളെല്ലാം മാറ്റിവച്ച് (നോവിസ് മാസ്റ്റർ, വൈസ് പ്രൊവിൻഷ്യൽ) ഇന്ത്യൻ മിഷനറിക്ക് വേണ്ടി സ്വയം ഒരുങ്ങി. ഒരു സാഹസികതയുടെ കാൽവെ



യ്പ്പ്. കേരളത്തിൽ നിന്ന് വന്നുചേർന്ന ബ്രദർ പ്രകാശിൽനിന്ന് മലയാളഭാഷ അല്പം സ്വായത്ത മാക്കി. അങ്ങനെ ബ്രദർ പ്രകാശിനോടൊപ്പം 1969 നവം 19-ന് കട്ടപ്പന കുടിയേറ്റ ജനതയുടെ നടുവി ലേയ്ക്ക് അദ്ദേഹം എത്തിച്ചേർന്നു.

മലയോരജനതയെ രോഗം, പട്ടിണി എന്നിവ വേട്ടയാടിയപ്പോൾ അടിസ്ഥാനസൗകര്യമൊരു ക്കാൻ അന്നത്തെ ഭരണകൂടത്തിനായില്ല. ഈ അവസരത്തിൽ കുടിയേറ്റ ജനതയുടെ താങ്ങും തണലുമായി അദ്ദേഹം നിലകൊണ്ടു.

അദ്ദേഹം സ്ഥാപിച്ച സെന്റ് ജോൺസ് ഹോസ്പി റ്റൽ അനേകരുടെ ആരോഗ്യരക്ഷാ സങ്കേതമായി മാറി. പ്രതീക്ഷാഭവൻ- അനേകരുടെ അഭയകേ ന്ദ്രമായി മാറി. നേഴ്സിംങ് സ്കൂൾ അനേകരെ ശുശ്രൂഷയുടെ മേഖലയിലേയ്ക്കും അവരുടെ ജീവിതമാർഗ്ഗത്തിലേയ്ക്കും കടത്തിവിട്ടു. സ്ത്രീക ളുടെ പരിചരണത്തിന് സിസ്റ്റേഴ്സിന്റെ ശുശ്രൂഷ ആവശ്യമാണെന്ന ബോധ്യത്തിൽനിന്ന് പരിശുദ്ധാത്മാ വിന്റെ പ്രചോദനത്താൽ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സമൂഹത്തിന് രൂപം നൽകി. കൂടാതെ ഭക്ഷണം, വസ്ത്രം, മരുന്ന്, മറ്റാവശ്യ സാധനങ്ങൾ പാവങ്ങൾക്ക് വിതരണം ചെയ്തുകൊണ്ട് ആയിരങ്ങളെ സംതൃപ്തരാക്കി, അനേകരിൽ ജീവൻ നിലനിർത്തി. പഠനസാഹചര്യ മില്ലാതെ വീടുകളിലും മറ്റും അലഞ്ഞു നടന്നിരുന്ന കുട്ടികൾ വഴിതെറ്റിപ്പോകുമെന്നു മനസ്സിലാക്കി അവർക്ക് പഠനസൗകര്യമെരുക്കി അനേകരെ ഉന്നതി യിലെത്തിച്ചു. വീടില്ലാത്തവർക്ക് വീടുനിർമ്മാണ പദ്ധതി നടപ്പിലാക്കിക്കൊണ്ട് അയ്യായിരത്തോളം വീടുകൾ വച്ചുനൽകി. കുടിവെള്ളത്തിന് ബുദ്ധി മുട്ടിയവർക്ക് കിണറുകൾ നിർമ്മിച്ചു നൽകി. പറമ്പുകൾ വിസർജനത്തിനായി ഉപയോഗിക്കുന്നതു മൂലം ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാര്യം ബോധ്യപ്പെട്ടപ്പോൾ അവർക്കായി കക്കൂസുകൾ നിർമ്മിച്ചു നൽകി. ബ്രദറിന്റെ സഹായത്തോടെ ആളുകൾ സ്വശ്രയത്വം നേടുന്നതിനായി ആടുകളെ വിതരണം ചെയ്തു. ഇങ്ങനെ അദ്ദേഹം നൽകിയ നന്മകൾ ആയിരക്കണക്കിനാളുകളിലേയ്ക്ക് ഒഴു കിയെത്തിയത് യൂറോപ്പിലെ ആയിരക്കണക്കിനാ ളുകളുടെ അടുക്കലേയ്ക്ക് നീട്ടിയ അദ്ദേഹത്തിന്റെ കരങ്ങളിലൂടെയാണ് സാധ്യമായത്.

1969-ൽ കട്ടപ്പനയിലേയ്ക്ക് വരുവാനുള്ള ബ്രദ റിന്റെ തീരുമാനമാണ് കട്ടപ്പന ഇന്നത്തെ രൂപത്തി ലേയ്ക് ആയിത്തീരാനുള്ള കാരണമായതെന്ന് നമുക്ക് വ്യക്തമായ കാര്യമാണ്. ഏതൊരു തുറയി ലേക്കും ഒരു വിശുദ്ധ ജീവിതം കടന്നുവരുമ്പോൾ അവിടെ വിശുദ്ധിയുടെ അലകൾ രൂപം കൊള്ളും. സ്വാന്തനസംഗീതം പോലെ ഒഴുകിയ ബ്രദറിന്റെ ജീവതം ഒരു ജനതയിൽ, സംസ്കാരത്തിൽ, ആദ്ധ്യാ ത്മികതയിൽ വളരെയേറെ ചലനങ്ങൾ സൃഷ്ടിച്ചു എന്നത് വ്യക്തമാണ്.

സാർത്ഥം വെടിയുമ്പോഴാണ് ജീവിതം സ്വാർത്ഥകമാകുക. നീണ്ട 36 വർഷങ്ങൾ ജീവകാ രുണ്യപ്രവർത്തനങ്ങളുടെ പ്രവാചകനായി ഇടുക്കി മലയോരങ്ങളിലെ പാവങ്ങളുടെ ഇടയിൽ അവരുടെ ഇല്ലായ്മകളിലും വല്ലായ്മകളിലും സ്വാന്തനമായ് ആത്മസാക്ഷാത്കാരം സേവനത്തിൽ കണ്ടെത്തിയ ആ മഹായോഗി 2005 നവംബർ 21-ന് ദൈവസന്നിധി യിലേയ്ക്ക് വിളിക്കപ്പെട്ടു. സ്നേഹത്തിന്റെ പാരമ്യം സ്പർശിച്ചറിഞ്ഞ പതിനായിരങ്ങൾ തങ്ങളുടെ പുണ്യപിതാവിന് അന്ത്യോപചാരം അർപ്പിക്കുവാ നായി നാടിന്റെ നാനാദിക്കുകളിൽ നിന്നും ഒഴുകി യെത്തിയത് ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു.

എന്നാൽ ഇന്നും കരുണയുടെ പ്രഭ അനേകം മക്കളിലേയ്ക്ക് ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ആ പുണ്യപിതാവ് ദൈവസന്നിധിയിൽ മദ്ധ്യസ്ഥനായി നിന്നുകൊണ്ട് വിളിച്ചപേക്ഷിക്കുന്നവർക്ക് അനുഗ്ര ഹമാരി പൊഴിയുന്നു.

2018 ഫെബ്രുവരി 27 ദൈവദാസന്റെ നൂറാം ജന്മദിനം വിവിധ പരിപാടികളോടെ കട്ടപ്പന, സെന്റ് ജോൺസ് സെന്ററിൽവച്ച് ആഘോഷിക്കപ്പെട്ടു. ഇടുക്കിയിലെ മലയോര ജനതയുടെ കുടിയേറ്റ ചരിത്രത്തിൽ അനശ്വരനായ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് അവരുടെ ജീവിതയാതനക ളിൽ ഇന്നും പ്രഭ വിതറുന്നു.



**ഫാ. ജോസ് സുരേഷ് ഒ.എഫ്. എം**



# യാത്രയിൽ സംഭവിക്കുന്നത്

ദൈവം അവനോട് ചോദിച്ചു: "നീ എവിടെയാണ്, ഞാൻ ഭക്ഷിക്കരുതെന്ന് കൽപ്പിച്ച വൃക്ഷത്തിന്റെ കനി നീ ഭക്ഷിച്ചോ?"

"അങ്ങ് എനിക്ക് കൂട്ടിനു തന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്ക് തന്നു. ഞാൻ തിന്നു. "അവൾ പറഞ്ഞു: "സർപ്പം എന്നെ വഞ്ചിച്ചു, ഞാൻ പഴം തിന്നു."

ഒരാളെ കാണാതായപ്പോൾ ദൈവം അയാളുടെ സഹോദരനോട് ചോദിച്ചു: "കായേൻ നിന്റെ സഹോദരൻ ആബേൽ എവിടെ?' അവൻ പറഞ്ഞു: "ഞാൻ എന്റെ സഹോദരന്റെ സൂക്ഷിപ്പുകാരൻ അല്ല."

മനുഷ്യചരിത്രം ഉത്തരവാദിത്വമില്ലായ്മയുടെയും ചരിത്രമാണ്. ആര്, എവിടെ എന്നീ ചോദ്യങ്ങളിൽ നിന്നും മനുഷ്യൻ എപ്പോഴും ഒളിച്ചോടി. ഉത്തരവാദികൾ ഒളിച്ചോടിയ കുറ്റങ്ങൾക്കൊണ്ട് ഭൂമി നിറഞ്ഞു. ഉത്തരവാദികൾ ഇല്ലാത്ത കുറ്റങ്ങൾ പുതിയ തിന്മകളെ സൃഷ്ടിച്ചു. ദൈവത്തിന്റെ കോടതിയിൽ മരണത്തിന്റെ കേസെടുത്തപ്പോൾ പ്രതി ഒരിക്കലും ഹാജരായില്ല. അവസാനം അവൻ വന്നു, യാതൊരു കുറ്റവും ചെയ്തിട്ടില്ലാത്ത അവൻ പറഞ്ഞു, മനുഷ്യന്റെ എല്ലാകുറ്റങ്ങളുടെയും ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. ഉത്തരവാദിത്വത്തിന്റെ പുതിയ ചരിത്രത്തിന് അവൻ തുടക്കം കുറിക്കുന്നു. ക്രിസ്തുവിന്റെ ഈ ചരിത്രം മനസ്സിലാക്കിയ ദൊസ്തയോവ്സ്കി പിന്നീട് എഴുതി: "all of us are responsible for everything and I have more."

ഉത്തരവാദിത്വം അപകടം പിടിച്ചതാണ്. ഒരു

കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന പിതാവിനോ മാതാവിനോ എല്ലുമുറിയെ പണിയെടുക്കേണ്ടി വരാം. മക്കളുടെ പനിക്കിടക്കയിൽ അവരിലൊരാൾക്ക് രാത്രി മുഴുവൻ ഉറക്കമിളച്ച് ഇരിക്കേണ്ടിവരാം, പെങ്ങളുടെ വിവാഹം നടത്താൻ സഹോദരന് മണലാരണ്യത്തിലെ പൊള്ളുന്ന വെയിലിൽ മണിക്കൂറുകളോളം ജോലി ചെയ്യേണ്ടിയും വരാം.

നിർദോഷിയായ ക്രിസ്തു അവരുടെ മുമ്പിൽ കുറ്റാരോപിതനായി, മരണത്തിനു വിധിക്കപ്പെട്ട് നിൽക്കുന്നു. ഉത്തരവാദിത്വത്തിന്റെ എല്ലാ ഭീകരതയും അപകടങ്ങളും മരണവും അവനെ തുറിച്ചു നോക്കുന്നു.

## കുരിശ്

തലങ്ങനെയും വിലങ്ങനെയും വച്ച് രണ്ട് തടികൾക്കൊണ്ട് ഒരു കുരിശ് ഉണ്ടാക്കാം. കൊല്ലാനായി മനുഷ്യൻ കണ്ടുപിടിച്ച ഉപകരണങ്ങളിൽ ഏറ്റവും ലളിതവും എന്നാൽ കിരാതവുമാണത്. പക്ഷേ, കുരിശിന്റെ ശക്തി അപാരമാണ്. ഒരാളുടെ തോളിൽ നിപതിച്ച് അയാളുടെ ജീവിതത്തെ തുടർച്ചയായി വീഴ്ത്താൻ സാധിക്കും. ഒരാളുടെ ജീവിതത്തിന് കുറുകെ നിഴലായി വീണ അയാളുടെ ജീവിതത്തെ മുഴുവൻ അഭിശപ്തമാക്കാൻ ഇതിന് സാധിക്കുമെന്നത് നിസ്തർക്കമത്രേ. ഭൂമിക്കും ആകാശത്തിനും മധ്യേ തൂങ്ങിക്കിടക്കുന്ന ഒരാളുടെ മരണത്തെ ഏറ്റവും ബീഭത്സമായി പ്രദർശിപ്പിക്കാൻ കുരിശിനു സാധിക്കും. ഈ കുരിശാണ് ക്രിസ്തുവിന്റെ തോളിൽ വലിയ ഭാരമായി നിപതിക്കുന്നത്. ഇതിന്റെ ഭാരത്തിലും ഭീകരതയിലുംപെട്ട് ക്രിസ്തുവിന്റെ ശരീരം തകർന്നുടയുന്നു. പക്ഷേ ക്രിസ്തുവിന്റെ തോളിലിരിക്കുന്ന കുരിശ് അതിന്റെ മുക്തിയുടെ പാതയിലാണ്. ആദ്യമായി കുരിശ് അതിനെത്തന്നെ അഭിമുഖീകരിക്കുന്നു. അതിന്റെ വിധിയോർത്ത് പരിതപിക്കുന്നു. ഇനി ഒരിക്കലും ആരുടെയും ചുമലിൽ പതിക്കാൻ, ആരുടെയും ജീവിതത്തെ അഭിശപ്തമാക്കാൻ, ആരുടെയും മരണത്തെ തൂക്കി പ്രദർശിപ്പിക്കാൻ അനുവദിക്കരുതെന്ന് അത് മനുഷ്യനോട് കേണപേക്ഷിക്കുന്നു.

## വീഴ്ച

എല്ലാറ്റിനും പൊതുസ്വഭാവമായി ഒന്നേയുള്ളൂ. വീഴ്ച, എല്ലാം വീണുപോകുന്നു. വൃക്ഷത്തിൽ നിന്നും ഇലകൾ വീഴുന്നു. കുറച്ചുകഴിയുമ്പോൾ വൃക്ഷവും. രാത്രിയിൽ ആകാശത്ത് നോക്കിയാൽ നക്ഷത്രങ്ങൾ വീഴുന്നതായി കാണാം. എങ്ങനെ വീഴണമെന്നും, ഇരുട്ടിലേയ്ക്ക് പിൻവാങ്ങണമെന്നും നക്ഷത്രങ്ങൾക്കുപോലും അറിയാം. ശാസ്ത്രം പറയുന്നു: ഈ പ്രപഞ്ചം പോലും എവിടേയ്ക്കോ വീണുപോകുന്നു. അകലം കൂടുന്തോറും കൂടുതൽ വേഗത്തിൽ വീണുകൊണ്ടിരിക്കുന്ന ഒരു പ്രപഞ്ചമാണ് നമ്മുടേത്. ഞാനും നിങ്ങളും വീണുകൊണ്ടിരിക്കുകയാണ്, അനുനിമിഷം. നമ്മുടെ അതിർത്തി ഒരു കുഴിമാടം ആണ്.

എല്ലാ വീഴ്ചകളും പരിഹാസ്യമാണ്, വേദനയാണ്. മുട്ടുകുത്തിനിലത്തുവീഴുമ്പോൾ നമ്മുടെ ചുറ്റും ആരും ഉണ്ടാകരുതെന്ന് നമ്മൾ ആശിച്ചു പോകാറുണ്ട്. ക്രിസ്തു മാത്രമാണ് മനുഷ്യന്റെ വീഴ്ചകളെ സ്നേഹിച്ചത്. മനുഷ്യവീഴ്ചയുടെ മുറിവുകളെ കരുണയുടെ തൈലം കൊണ്ട് പുരട്ടുമ്പോൾ അതെല്ലാം വിശുദ്ധമായി മാറുമെന്ന് ക്രിസ്തു മനസ്സിലാക്കിയിരുന്നു. ക്രിസ്തുവും വീഴുന്നു. വിധിയുടെ ഭാരമേറ്റ് വേച്ചുവേച്ച് വീഴുന്ന ഏതൊരു മനുഷ്യനെയുംപോലെ ക്രിസ്തുവും വീഴുന്നു. ഭൂമിയുടെ ബലം അവന്റെ ശരീരത്തിന്റെ ബലത്തിന്മേൽ വിജയം നേടുന്നു. വീഴ്ചകളുടെ അപഹാസ്യം പേറി ക്രിസ്തു ശുഷ്കിച്ചു നിൽക്കുന്നു.

## നഗ്നൻ

ആൾക്കൂട്ടത്തിന്റെ മുന്നിൽ നഗ്നരായി നിൽക്കേണ്ടിവരിക ഏറെ ഭീതിജനകമാണ്. മരിക്കുന്നതാണ് അതിലും ഭേദം എന്ന് നമ്മൾ വിചാരിക്കുന്നു. ഒരാളുടെ നഗ്നത അയാളുടെ സ്വകാര്യതയാണ്. അതിലേയ്ക്കുള്ള കടന്നുകയറ്റത്തെ എന്തുവില കൊടുത്തും അയാൾ ചെറുക്കും. രണ്ടുപേരുടെ കിടക്കറയെ ദൈവംപോലും ബഹുമാനിക്കുകയും കണ്ണുകൾ പിൻവലിക്കുകയും ചെയ്യുന്നു എന്നുപറയുന്നതുപോലെ! ക്രിസ്തുവിനെ അവർ നഗ്നനാക്കുന്നു. ഈ അവസ്ഥയിൽ ആരും ഇങ്ങനെ തന്നെ കാണുന്നില്ലെന്ന് ബോധ്യപ്പെടുത്താൻ വേണ്ടി അവൻ കണ്ണുകൾ മുറുക്കി അടയ്ക്കുന്നു. അങ്ങനെ ആൾക്കൂട്ടത്തിന്റെ മുമ്പിൽ അപമാനിക്കപ്പെട്ടു നഗ്നരായി നിൽക്കേണ്ടിവരുന്ന അനേകം മനുഷ്യരിൽ ഒരാളായി ക്രിസ്തു മാറി.

ഈ ക്രിസ്തുവിനെ എന്തിനോടാണ് ഉപമിക്കേണ്ടത്? മെഡിക്കൽ വിദ്യാർത്ഥികൾ, ഡിസെക്ഷൻ ടേബിളിലിട്ട് ആന്തരാവയവങ്ങൾ കീറിമുറിച്ച് പഠിക്കാൻ ഉപയോഗിക്കുന്ന തവളയെപ്പോലെ നിസ്സഹായൻ ആയിരിക്കുന്നു ക്രിസ്തു. കൃമികീടത്തെ പോലെ അവൻ ചവിട്ടിമെതിക്കപ്പെടുന്നു.

## മരണം

ഒരു കഴുമരത്തിൽ തൂക്കപ്പെട്ട് നിലവിളിച്ച് മരിക്കുന്ന ക്രിസ്തു. ഇതൊരു യാത്രയുടെ അന്ത്യ

മാണ്. ആ യാത്രയെ ഭയന്നവർ എന്നന്നേയ്ക്കുമായി അവന്റെ യാത്രയെ അവസാനിപ്പിക്കാനായി അവനെ പിടിച്ച് കുരിശിൽ തറച്ചു. ഗലീലി മുതൽ ജറുസലേം വരെ മൂന്നു വർഷം നീണ്ട പരസ്യയാത്ര എന്തിനാണവൻ നടത്തിയതെന്നു നമുക്ക് മനസ്സിലാകുന്നു. ക്രിസ്തു ഈ യാത്ര നടത്തിയപ്പോൾ അവനു ചുറ്റും അനേകം യാത്രകൾ നടക്കുന്നുണ്ടായിരുന്നു. ചരിത്രം ഉറ്റുനോക്കിയത് ഈ യാത്രയെ ആയിരുന്നു. ചരിത്രം ഇതരയാത്രകളെ പടയോട്ടങ്ങൾ എന്നു വിളിച്ചു. ക്രിസ്തുവിന്റെ യാത്രയും ഒരു ശത്രുവിനെ തോല്പ്പിക്കാനുള്ളതായിരുന്നു. മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവിനെ തോല്പ്പിക്കാനുള്ള യാത്ര. മരണമാണ് മനുഷ്യന്റെ ഏറ്റവും വലിയ ശത്രു. സ്നേഹമില്ലാത്ത എല്ലാറ്റിനും എതിരെ ക്രിസ്തു കലഹിച്ചു. മരണം സ്നേഹമല്ല. അമ്മയുടെ മാറിൽ നിന്ന് കുഞ്ഞിനെയും എടുത്തുകൊണ്ട് പോകും മരണം. കാമുകന്റെ ആലിംഗനത്തിൽ നിന്നും കാമുകിയെയും എടുത്തുകൊണ്ട്പോകും. ദൈവത്തിന് ഒരിക്കലും മരണത്തെ അംഗീകരിക്കാൻ സാധിക്കില്ല. കാരണം മരണം വന്നത് ദൈവത്തിൽ നിന്നല്ല. മരിക്കാൻ അല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്.

ക്രിസ്തു ജീവിതത്തെ വല്ലാതെ സ്നേഹിച്ചിരുന്നു, ഏതൊരു ചെറുപ്പക്കാരനേയും പോലെ. അതുകൊണ്ടാണ് അവനെ പിടിക്കാനായി പലപ്പോഴും അവർ വന്നപ്പോൾ, അവൻ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ രക്ഷപ്പെട്ടത്. ഒരു മണിക്കൂറെങ്കിലും തന്റെ ജീവിതത്തെ നീട്ടിക്കൊണ്ടുപോകാൻ അവൻ ആഗ്രഹിച്ചു. അവന്റെ ജീവിതംതന്നെ മരണത്തിനെതിരെയുള്ള നീണ്ട പോരാട്ടമായിരുന്നു. മരണം എല്ലാവരേയും തേടിവരുന്നതാണ്. അവൻ മാത്രം മരണത്തെ തേടി യാത്ര ചെയ്തു. മരണത്തിനറിയാമായിരുന്നു ഇവനെ ഇല്ലാതാക്കിയാൽ അവന്റെ വിജയം എന്നന്നേക്കും ഉള്ളതാണെന്ന്. അതുകൊണ്ട് മരണം അതിന്റെ എല്ലാ ശക്തിയുമായി ക്രിസ്തുവിനെ ആക്രമിച്ചു. അവനെ ചതച്ചരച്ചു. അപ്പോഴാണ് മരണം അതിനു പറ്റിയ അമിളി മനസ്സിലാക്കിയത്. അവൻ ഇതിനോടകം മറ്റുള്ളവർക്കായി മുറിക്കപ്പെടുകയും പങ്കുവെയ്ക്കപ്പെടുകയും ചെയ്തിരുന്നു. അന്ത്യഅത്താഴ സമയത്ത് തന്റെ ശരീരവും രക്തവും പോലും പങ്കുവെച്ചു സ്നേഹം മാത്രമായി അവശേഷിച്ചുനിന്ന ക്രിസ്തുവിനെ ഇല്ലാതാക്കിയ തോടുകൂടി മരണം ഇല്ലാതായി.

“മരണമേ നിന്റെ വിജയം എവിടെ?” പൗലോസ് ചോദിക്കുന്നു. ക്രിസ്തുവിന്റെ മരണമായിരുന്നോ ഏറ്റവും വലിയ മരണം? ക്രിസ്തുവിനേക്കാൾ ഭീകരമായി കൊല്ലപ്പെട്ട അനേകം മനുഷ്യരുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് ക്രിസ്തുവിന്റെ മരണം എറ്റവും വലിയ മരണമെന്നു പറയുന്നത്?

“മരിച്ചവൻ മരിച്ചിട്ടില്ല” എന്ന് എലിയട്ട് തന്റെ കവിതയിൽ പറയുന്നു. അപ്പോൾ, കുരിശിൽ കിടക്കുന്നവന് ഇനിയും അവന്റെ യാത്ര തുടരാനാവുമോ? കുരിശിന്റെ ലംബമാനത അവനു പുതിയ വഴികൾ തുറന്നു കൊടുക്കുമോ?

## ഉപകാരസ്മരണ

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി വർഷങ്ങളായി തടസ്സപ്പെട്ടു കിടന്നിരുന്ന ലോൺ പാസ്സായി. ദൈവദാസൻ വഴി ദൈവം നൽകിയ അനുഗ്രഹത്തിന് നന്ദി പറയുന്നു.

**തോമസ് കുമ്പളന്താനം, ആനവിലാസം**

എനിക്ക് നടക്കുമ്പോൾ നന്നേ ബാലൻസ് കുറവായിരുന്നു. ബ്രദർ ഫോർത്തുനാത്തൂസിന്റെ മാദ്ധ്യസ്ഥം തേടി നൊവേന ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി നൊവേനയുടെ അവസാന ദിവസം എനിക്ക് നന്നായി നടക്കുവാൻ സാധിച്ചു. ദൈവദാസൻ വഴി ലഭിച്ച അനുഗ്രഹത്തിന് ദൈവത്തിന് ഒരായിരം നന്ദി..

**സി.നിർമ്മല എസ്.എ.ബി.എസ്, കപ്പാട്, കോട്ടയം**

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ ശ്രാദ്ധ പ്രാർത്ഥനയിൽ പങ്കെടുത്തതിന്റെ ഫലമായി ശരീരത്തിൽ വെയിലേൽക്കുമ്പോൾ എനിക്ക് ഉണ്ടാകുമായിരുന്ന ചൊറിച്ചിൽ സുഖപ്പെട്ടു. ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് വഴിയായി നൽകിയ ഈ വലിയ ദൈവാനുഗ്രഹത്തിന് നന്ദി പറയുന്നു.

**ഫെബി കുര്യൻ, വളയാംപാറയ്ക്കൽ, തൊവരയാർ**



**ഡോ. സി. ജ്യോതിസ് എസ്.സി.ജെ.ജി**
**നിയോനെറ്റോളജിസ്റ്റ്, സെന്റ് ജോൺസ് ഹോസ്പിറ്റൽ, കട്ടപ്പന**

# നവജാത ശിശു പരിപാലനം

'അവിടുന്നാണ് എൻെറ അന്തരംഗത്തിനു രൂപം നൽകിയത്; എൻെറ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. ഞാൻ അങ്ങയെ സ്തുതിക്കുന്നു; എന്തെന്നാൽ, അങ്ങ് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു; അവിടുത്തെ സൃഷ്ടികൾ അത്ഭുതകരമാണ്. എനിക്കതു നന്നായി അറിയാം' (സങ്കീ. 139:13-14) അത്ഭുതകരമായി സൂക്ഷ്മതയോടെ വിസ്മയനീയമായി സൃഷ്ടിക്കപ്പെട്ടതാണ് ഓരോ ശിശുവും. ഒരു വിത്തിന് വൃക്ഷം ആകുവാനുള്ള സാധ്യതകൾ ഉള്ളതുപോലെ ഓരോ ശിശുവും അനന്തമായ സാധ്യതകൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ ലോകത്തിലേയ്ക്ക് പിറന്നു വീഴുന്നത്. ആ ശിശുവിനെ സംരക്ഷിച്ച് പരിലാളിച്ച് വളർത്തുകയെന്നതാണ് മാതാപിതാക്കളുടെ ഉത്തരവാദിത്വം. ഏറ്റവും ശ്രദ്ധയും പരിചരണവും ആവശ്യമായിരിക്കുന്ന ജനനനിമിഷങ്ങൾ കുഞ്ഞിന്റെ ജീവിതത്തെ വളരെയധികം സ്വാധീനിക്കുന്നു. ഊർജ്ജസ്വലമായ പുതിയ തലമുറയെ വാർത്തെടുക്കുവാനുള്ള വലിയ ഉത്തരവാദിത്വമാണ് ഓരോ മാതാപിതാക്കളിലും നിഷിപ്തമായിരിക്കുന്നത്. അമ്മയുടെ സ്നേഹവും പരിചരണവും ലഭിച്ച് വളരുന്ന കുഞ്ഞുങ്ങൾ കൂടുതൽ ആരോഗ്യവാന്മാരും സുരക്ഷിതരുമായിരിക്കും. ഇന്നത്തെ കുഞ്ഞ് നാളെയുടെ പ്രതീക്ഷയും പുതിയ തലമുറയുടെ നായകനോ നായികയോ ആണ്.

ജനനനിമിഷം മുതൽ ആദ്യത്തെ 28 ദിവസം വരെയുള്ള കുഞ്ഞുങ്ങളെയാണ് നവജാത ശിശുക്കൾ എന്ന് വിളിക്കുന്നത്. മനുഷ്യജീവിതത്തിന്റെ അടിത്തറയിടുന്ന ഈ കാലഘട്ടത്തിൽ നവജാത ശിശുക്കൾക്ക് വളരെയേറെ ശ്രദ്ധയും പരിചരണവും ആവശ്യമുണ്ട്. കുഞ്ഞുങ്ങളുടെ ശരീരഘടന വളരെ പ്രത്യേകതയുള്ളതാണ്. എല്ലാ അവയവങ്ങളും പൂർണ്ണവളർച്ചയെത്താത്തതിനാൽ കുഞ്ഞുങ്ങൾക്ക് സവിശേഷമായ ശ്രദ്ധയും കരുതലും കൊടുക്കേണ്ടതായുണ്ട്.

ഇന്ന് Specialization -ന്റെ കാലമാണ്. തന്റെ കുഞ്ഞിനെ എപ്രകാരം പരിചരിക്കണമെന്ന് ഓരോ അമ്മയും അറിഞ്ഞിരിക്കണം. ഗർഭധാരണത്തിന്റെ നിമിഷംമുതൽ ജനിക്കുവാനിരിക്കുന്ന കുഞ്ഞിന് നൽകേണ്ട സംരക്ഷണത്തെക്കുറിച്ചുള്ള അറിവും അവബോധവും നൈപുണ്യവും നേടണം. അമ്മയുടെ ആരോഗ്യസ്ഥിതിയും ശിശുസംരക്ഷണത്തെക്കുറിച്ചുള്ള പരിജ്ഞാനവും കുഞ്ഞിന്റെ ആരോഗ്യ

ത്തെയും വളർച്ചയെയും സാരമായി ബാധിക്കുന്നു. കുഞ്ഞിനെ പരിരക്ഷിക്കുവാനുള്ള അമ്മയുടെ നൈപുണ്യത്തെ Mother craft എന്ന് വിളിക്കാം.

കുഞ്ഞിനെക്കുറിച്ചുള്ള കരുതൽ അമ്മയിൽ അന്തർലീനമായിരിക്കുന്നു. അമ്മ കുഞ്ഞിനെ വളരെ ശ്രദ്ധയോടും സ്നേഹത്തോടും താൽപര്യത്തോടും കൂടിയാണ് വീക്ഷിക്കുന്നത്. കുഞ്ഞ് അമ്മയുടെ തന്നെ ഭാഗമാണ്. അതിനാൽ കുഞ്ഞിന്റെ പരിചരണത്തിൽ ആദ്യം മുതൽ തന്നെ അമ്മ ശ്രദ്ധവെച്ചാൽ അമ്മയും കുഞ്ഞും തമ്മിലുള്ള വൈകാരിക അടുപ്പം വർദ്ധിക്കും. ഇരുവർക്കും അനുഭവപ്പെടുന്ന അരക്ഷിതാവസ്ഥയിൽ നിന്ന് മോചനം ലഭിക്കും. കുഞ്ഞിനെ സശ്രദ്ധം വീക്ഷിക്കുമ്പോൾ അമ്മയ്ക്ക് മാനസികവും വൈകാരികവുമായ സംതൃപ്തി ലഭിക്കുന്നു. കുഞ്ഞിന്റെ ആവശ്യങ്ങളും അസ്വസ്ഥതകളും മനസ്സിലാക്കുവാനുള്ള കഴിവ് അമ്മയിലാണുള്ളത്.

## പൂർണ്ണവളർച്ചയെത്തിയ ഒരു കുഞ്ഞിനെ പരിചരിക്കുമ്പോൾ അമ്മമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

അമ്മയെയും കുഞ്ഞിനെയും സംബന്ധിച്ച് അത്യന്താപേക്ഷിതമായി അറിഞ്ഞിരിക്കേണ്ടത് കുഞ്ഞിനെ എങ്ങനെ മുലയൂട്ടാം എന്നതാണ്. കുഞ്ഞിന് ആവശ്യമായ പാൽ ലഭിക്കുന്നുണ്ടോ? വളർച്ചയുണ്ടോ? എന്നീ ആകുലതകൾ ഒരോ അമ്മമാർക്കും ഉണ്ട്.

കുഞ്ഞ് ജനിക്കുന്നതിനു മുമ്പുതന്നെ അമ്മമാർക്ക് മുലയൂട്ടലിനെക്കുറിച്ചുള്ള അറിവും അവബോധവും ഉണ്ടാകണം. കുഞ്ഞ് ജനിച്ച് ഒരു മണിക്കൂറിനുള്ളിൽ മുലയൂട്ടുന്നതാണ് അഭികാമ്യം. തേൻ, ഗ്ലൂക്കോസ് വെള്ളം ഇവയൊന്നും കുഞ്ഞിന് കൊടുക്കാൻ പാടില്ല. ആദ്യത്തെ മൂന്ന് ദിവസങ്ങളിൽ ഉണ്ടാകുന്ന പാൽ 'കൊളോസ്ട്രം' എന്നറിയപ്പെടുന്നു. ആദ്യ മൂന്ന് ദിവസം കുഞ്ഞിന്റെ ശരീരത്തിൽ ധാരാളം ജലാംശവും, കരളിൽ ഗ്ലൈക്കോജന്റെ അളവും ഉള്ളതിനാൽ അളവു കുറവാണെങ്കിലും കട്ടിയില്ലെങ്കിലും ആദ്യ മൂന്ന് ദിവസങ്ങളിലെ ഈ പാൽ മാത്രം മതിയാവും. ഇതിലാണ് കൂടുതലായി ഊർജ്ജം, പ്രോട്ടീൻ ശരീരത്തിനാവശ്യമായ പ്രതിരോധ ശക്തിക്കുള്ള ആന്റിബോഡീസ്, ലവണങ്ങൾ എല്ലാം ധാരാളമായി അടങ്ങിയിരിക്കുന്നത്.

എത്ര മണിക്കൂർ ഇടവിട്ട് മുലയൂട്ടണമെന്നത് കുഞ്ഞിന്റെ ആവശ്യം അനുസരിച്ചാണ്. കുഞ്ഞിന് രണ്ടോ മൂന്നോ മണിക്കൂറിനുള്ളിൽ ഒരു തവണ പാൽ കുടിച്ചാൽ മതിയാവും. ഒരു മുലയിൽ നിന്ന് 15-20 മിനിറ്റ് കുടിക്കാൻ അനുവദിക്കുക. സാധാരണയായി ഒരു മുലയിൽനിന്ന് പൂർണ്ണമായി കുടിപ്പിച്ചതിനുശേഷമേ മറ്റേ മുലയിൽ നിന്ന് കുടിപ്പിക്കാവൂ. രാത്രിയിൽ ഏറ്റവും കുറഞ്ഞത് മൂന്ന് പ്രാവിശ്യം എങ്കിലും മുലയൂട്ടണം.

മുലയൂട്ടുമ്പോൾ അമ്മയ്ക്ക് സൗകര്യപ്രദമായ സാഹചര്യം ഉണ്ടാകണം. കുഞ്ഞിന്റെ ശിരസ് അൽപം ഉയർത്തി കൈത്തലത്തിൽ താങ്ങി പിടിക്കുക. അമ്മയുടെ Nipple-ൽ നിന്ന് മാത്രം കുടിപ്പിക്കാതെ Areola -യിൽ നിന്ന് (Nipple -നോട് അടുത്തുള്ള കറുത്തഭാഗം) കുടിപ്പിക്കുക. കുഞ്ഞിനെ ശരിയായി പിടിച്ചാൽ മാത്രമേ അപ്രകാരം മുലയൂട്ടാൻ സാധിക്കൂ. അല്ലാത്ത പക്ഷം Nipple-ൽ മുറിവുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. മുലയൂട്ടുന്ന സമയം, കുഞ്ഞിനെ ലാളിക്കുകയും കുഞ്ഞിനോട് സംസാരിക്കുകയും ചെയ്യുമ്പോൾ പാൽ ഉൽപ്പാദനം കൂടുകയും കുഞ്ഞ് ഉന്മേഷത്തോടെ പാൽകുടിക്കുകയും ചെയ്യും.

## ആവശ്യത്തിന് പാൽ കിട്ടിയോ എന്ന് എങ്ങനെ അറിയാം.

ഓരോ മുലയൂട്ടലിനു ശേഷവും കുഞ്ഞ് ഏറ്റം കുറഞ്ഞത് 2 മണിക്കൂർ ഉറങ്ങും. ദിവസത്തിൽ ആറിൽ അധികം തവണ മൂത്രം പോകും. ആദ്യ ആഴ്ചയ്ക്ക് ശേഷം 30 ഗ്രാം വച്ച് പ്രതിദിനം തൂക്കം വെയ്ക്കും. ഓരോ മുലയൂട്ടലിനു ശേഷവും കുഞ്ഞിന്റെ പുറത്ത് തട്ടി ഗ്യാസ് കളയുക. അപ്പോൾ കരച്ചിലും വയറിന്റെ അസ്വസ്ഥതകളും കുറയും. മുലയൂട്ടുന്ന സമയത്ത് അമ്മമാർ കൂടുതലായി വെള്ളം കുടിക്കുകയും കൂടുതൽ ഊർജ്ജം നിറഞ്ഞ ഭക്ഷണം കഴിക്കുകയും ചെയ്തെങ്കിൽ മാത്രമേ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസ്ഥിതി മെച്ചപ്പെട്ട് വരികയുള്ളു. ആറ് മാസത്തേയ്ക്ക് കുഞ്ഞിന് അമ്മയുടെ പാൽ മാത്രം മതിയാവും. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം വർദ്ധിക്കുന്നതിന് ഇത് വളരെയധികം സഹായകരമാകും. പലവിധത്തിലുള്ള രോഗങ്ങളെയും ചെറുക്കുവാൻ ഇതുവഴി സാധിക്കും.

അമ്മയുടെ സ്നേഹവും പരിചരണവും ലഭിച്ച് വളരുന്ന കുഞ്ഞുങ്ങളാണ് നാളെയുടെ ഭാവി വാഗ്ദാനങ്ങൾ. അവരുടെ മാനസികവും വൈകാരികവും ബുദ്ധിപരവുമായ വളർച്ചയും പക്വതയും സമൂഹത്തിന്റെ നന്മയ്ക്ക് ആവശ്യമാണ്. തന്റെ കുഞ്ഞിനെ മുലയൂട്ടി വളർത്തുന്ന ഒരമ്മ തന്നോടും തന്റെ രാജ്യത്തോടുമുള്ള കടമയാണ് നിർവ്വഹിക്കുന്നത്. ആരോഗ്യമുള്ള ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതിന് ഓരോ അമ്മമാരെയും നല്ല ദൈവം അനുഗ്രഹിക്കട്ടെ.



ആന്റണി മുനിയറ

# ബാഷ്പാഞ്ജലി

മാതൃജാരത്തിലുയിർക്കൊണ്ട ജീവകോശങ്ങളെ,
ഭാഗ്യജാതകപ്പിറവിക്കു മുമ്പേയിടുങ്ങിയ
ശീതോഷ്ണമുറികളിൽ നിങ്ങൾ തന്നുയിരെടുത്തീടുവാൻ
തിളങ്ങിക്കുതിച്ചെത്തും കഠാരകൾ കണ്ടുവോ?
കപടവാങ്മയ പുറാട്ടുനാടകക്കളരിയിൽ
ജീവിതകൂമ്പുകൾ നുള്ളിയടർത്തി ചിരിക്കുന്നവർ
ഈറ്റു നോവിന്നിടയെത്തുന്നിൻ മുമ്പേ,
സൂതികാഗൃഹങ്ങളിലട്ടഹാസം മുഴക്കിയെത്തുന്നു
കുന്തമുനകളാൽ കുരുന്നു പൂക്കളെ കുത്തിമലർത്തിയി
കാമപാപങ്ങൾക്കു പരിഹാരക്രിയകൾ വിധിക്കുന്നു.
ബലിപ്പുരകളിൽ ശിരസ്സറ്റ മാംസപിണ്ഡങ്ങളായ്
രക്തസ്രവങ്ങളായ് മാറിയീ മണ്ണു കാണും മുമ്പേ
മരിച്ചവർ ചെറു കബന്ധങ്ങളായാരവം മുഴക്കിയി
ഭൂമിയിൽ കൊടുങ്കാറ്റിളക്കി പെരുംമഴയായലറുന്നു
വാഗ്ദാനലംഘന പെരുമ്പറകൾ മുഴങ്ങുമീ
ചീട്ടുകൊട്ടാരങ്ങൾ വിറപൂണ്ടിളകി മറിയവേ
ഓടിയൊളിക്കുവാനിരുൾ വഴികൾ തിരക്കുന്നു
ദാമ്പത്യവല്ലരികൾ പൂത്തുലഞ്ഞൊരു നാളിൽ
സ്നേഹവസന്തം പടർന്നൊരീ തൊടികളിലിന്നു
പത്തിവിടർത്തി പതിയിരിക്കും വിഷപാമ്പുകൾ
പകയോടെ ജീവിതത്തളിരുകൾ കൊത്തിപ്പറിക്കവേ
ജനിമൃതി ചക്രങ്ങളിവിടെ ചുരുങ്ങിയൊടുങ്ങുന്നു
ക്ഷണപ്രഭകളിരുൾത്തുറങ്കുകൾ നടുക്കിപ്പിളരവേ
ഒരു താരാട്ടിൻ ശീലുകൾ തേങ്ങലായൊടുങ്ങുന്നു
പവിത്രനൂലുകൾ പെരുവഴികളിലറ്റുവീഴുന്നു
ഇനിയുമിവിടെ പിറക്കുവാൻ കഴിയാതെ കണ്ണുംകരളും
തകർന്ന മകനും മകൾക്കുമെൻ കരളിലെയശ്രു ബാഷ്പാഞ്ജലി.





**സി. ഡിലീഷ്യാ എസ്.സി.ജെ.ജി**
**സെന്റ് ജോൺ ഓഫ് ഗോഡ് കൗൺസിലിംഗ് സെന്റർ**
**ഫോൺ: 9495634623, 04868251450**

# സൈബർ വയലൻസ്

നവമാധ്യമങ്ങളുടെ സ്വാധീനത്തിൽ ജീവിതത്തിന്റെ ദിശാബോധം നഷ്ടപ്പെട്ട ദുരനുഭവങ്ങളാണ് എവിടെ തിരഞ്ഞാലും കേൾക്കാനുള്ളത്. മനുഷ്യന്റെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കണ്ടുപിടിച്ച മാധ്യമങ്ങൾ ചിലപ്പോഴൊക്കെ അവനു തന്നെ അസ്വസ്ഥതയ്ക്ക് കാരണമാകുന്നു. സൈബർ ലോകത്തെ നൂതന സാങ്കേതിക വിദ്യകൾ 70% ഉം യുവജനതയെ ദുരുപയോഗത്തിനുള്ള സാധ്യതകളിലേയ്ക്ക് നയിക്കുന്നതായി പഠനങ്ങൾ പറയുന്നു. ഈ കഴിഞ്ഞ ആഴ്ച നാലാം ക്ലാസ്സുകാരനായ റ്റിങ്കു മാതാപിതാക്കളോടൊപ്പം കൗൺസിലിംങിനു വന്നു. ഉദ്യോഗസ്ഥരായ ആ മാതാപിതാക്കളുടെ മൂന്ന് ആൺമക്കളും പഠനകാര്യത്തിൽ സമർത്ഥരാണ്. എന്നാൽ ഇപ്പോൾ റ്റിങ്കുവിന്റെ അവസ്ഥ മറിച്ചാണ്. അവനിപ്പോൾ മിക്ക വിഷയങ്ങൾക്കും ലഭിക്കുന്ന മാർക്ക് ഒറ്റ സംഖ്യയാണ്. കാരണമെന്തെന്ന് അവർക്ക് മനസ്സിലാകുന്നില്ല. ഏറെ നേരത്തെ സംസാരത്തിനൊടുവിൽ അവൻ കാര്യങ്ങൾ തുറന്നുപറഞ്ഞു. മാതാപിതാക്കൾ ജോലി കഴിഞ്ഞ് എത്തുമ്പോഴേക്കും വൈകുന്നേരം 6.30 ആകും. അതുവരെ ഞങ്ങൾ വീട്ടിൽ തനിച്ചാണ്. ആ സമയത്ത് ഏഴാം ക്ലാസ്സിൽ പഠിക്കുന്ന ചേട്ടൻ എല്ലാദിവസവും നീലപടങ്ങൾ കാണിക്കാറുണ്ട്. തന്മൂലം ഇപ്പോളവന് ക്ലാസ്സിൽ ശ്രദ്ധിക്കുവാനോ ഓർത്തിരിക്കുവാനോ സാധിക്കുന്നില്ല.



പ്രശസ്ത ഡോ. ഡൊമിനിക് ഡിക്സൺ പറയുന്നു: മ്ലേച്ഛത കലർന്ന ചിത്രങ്ങൾ കാണുമ്പോൾ അഡ്രിനാൽ ഗ്രന്ഥി, എപ്പിനെഫ്രൈൻ എന്ന സ്രവം പുറപ്പെടുവിക്കുന്നു. ഇത് തലച്ചോറിൽ ആ ചിത്രത്തെ ഉറപ്പിക്കുന്നു. പിന്നീട് ഉദ്ദീപമാകുന്ന ഏത് അവസ്ഥയിലും ഇത് ഓർമ്മയിൽ വരാം. ക്രമേണ ഇവർ ഇതിന് അടിമപ്പെടുന്നു. ചിലർ കണ്ട കാര്യങ്ങൾ കൂടെ വസിക്കുന്ന വ്യക്തികളുമായി താരതമ്യപ്പെടുത്തുന്നു. മേൽപ്പറഞ്ഞ റ്റിങ്കു പത്തിൽ ഒരാൾ മാത്രം.

ഇന്നത്തെ മാതാപിതാക്കൾ അഭിമാനത്തോടെ വീരവാദം മുഴക്കാറുണ്ട്: സ്മാർട്ട് ഫോണിന്റെ എല്ലാ കാര്യങ്ങളും തങ്ങളുടെ നേഴ്സറിക്കാരന് അറിയാം, എനിക്കതിന്റെ 10% കാര്യങ്ങൾപോലും അറിയില്ല. ഇവിടെ സൈബർ ലോകത്ത് പതിയിരിക്കുന്ന കെണികൾ എന്തൊക്കെയാണെന്ന് അവർ പോലും തിരിച്ചറിയുന്നില്ല.

യുവതികളും അമ്മമാരും ഒരു മിസ്ഡ് കോളിനെപ്പോലും വെറുതെ വിടുന്നില്ല. വെറുതേപോയ കെണി ഇരന്നുവാങ്ങുന്നവരും ഇന്ന് കുറവല്ല. പെൺകുട്ടികളുടെ മൊബൈൽ നമ്പരുകൾ സമ്പാ

ദിക്കുന്നതിൽ പുരുഷസുഹൃത്തുക്കൾ മത്സരിച്ചു കൊണ്ടിരിക്കുന്ന കാലമാണിത്. ഒപ്പം പുതുയുഗ പെൺകൊടികളും. 'അവൻ അല്ലെങ്കിൽ അവൾ എന്നെ തേച്ചിട്ടുപോയെന്ന്' പറയുന്നത് ഒരു പൊതുപ്രയോഗമായി മാറിയിരിക്കുന്നു.

ഹൈ-ടെക്ക് സൗഹൃദവലയത്തിനുള്ളിൽ നിന്ന് പലതിനോടും 'നോ' പറയുവാൻ പറ്റാത്തവിധം പലരും സൈബർ കെണികളിൽ കുടുങ്ങിപ്പോയി. എത്ര ഫെമിനിസം പറഞ്ഞിട്ടും അവൾ മിക്കപ്പോഴും പലവിധ ഭീക്ഷണിയുടെ കെണിയിൽപ്പെട്ട് പോവുകയാണ്. ചിലപ്പോഴൊക്കെ നേരിൽപോലും കാണാതെ സൈബർ ലോകത്തിന്റെ മാസ്മരികതയിൽ, പിരിയാനാവാത്തവിധം അടുത്തുപോവുകയും യാഥാർത്ഥ്യത്തോട് അടുക്കുമ്പോൾ ജീവിതത്തിന്റെ സമനില തെറ്റി എല്ലാം നഷ്ടപ്പെട്ടവളായി ശിഷ്ടകാലം തള്ളിനീക്കുന്നവരുടെ എണ്ണം ഇന്ന് കൂടിവരികയാണ്. ബ്രിക്കോള, ജെന്റിൽ എന്നീ മനഃശാസ്ത്രജ്ഞന്മാർ 2007-ൽ നടത്തിയ പഠനത്തിൽ സൂചിപ്പിക്കുന്നതുപോലെ സൈബർ ലോകത്തിന്റെ അമിത ഉപയോഗവും, അധഃകൃത ഉപയോഗവും ശാരീരിക-വൈകാരിക-മാനസിക-ആത്മീയ പ്രശ്നങ്ങളിലേയ്ക്ക് നയിക്കുമെന്നത് ഏറെ സത്യം തന്നെ. നമുക്ക് സർപ്പത്തെപ്പോലെ വിവേകപൂർവ്വം വേടന്റെ കെണിയിൽ നിന്ന് പറന്നകലുന്ന പക്ഷികൾ പോലെ ഈ സൈബർ യുഗത്തിൽ വിശുദ്ധിയോടെ വ്യാപരിക്കാം.

## സൈബർ ലോകത്ത് വ്യാപരിക്കുന്നവർക്കുള്ള കല്പനകൾ:

➔സൈബർ ലോകം നിന്നെയല്ല, നീയാകണം അതിനെ നിയന്ത്രിക്കുന്നവൻ/വൾ.

➔വളരുവാനും ഉയരുവാനും മറ്റുള്ളവരെ ഉയർത്തുവാനും സൈബർ ലോകം ഉപയോഗിക്കുക .

➔യഥാർത്ഥ ലോകത്തിലെ സുഹൃദ്ബന്ധങ്ങൾ സൈബർ ലോകത്തിലെ ബന്ധങ്ങളേക്കാൾ വിലയുള്ളതാണ്.

➔ആരും അറിയില്ല എന്ന് ചിന്തിച്ച് സൈബർ ലോകത്ത് വ്യാപരിച്ചാൽ അത് അപകടമാണ്.

➔സൈബർ ലോകത്ത് വ്യാജവിവരങ്ങൾ നൽകുമ്പോൾ ഓർക്കുക, നീ നിന്നെത്തന്നെയും മറ്റുള്ളവരെയും വഞ്ചിക്കുന്നു.

➔നിന്റെ ജീവിതലക്ഷ്യങ്ങൾ, കുടുംബത്തോടൊപ്പം ചിലവഴിക്കേണ്ട സമയം, പണം മുതലായവ അപഹരിക്കാൻ സൈബർ ലോകത്തെ നീ അനുവദിക്കരുത്.

# വി. യൗസേപ്പ്: പ്രതീക്ഷയുടെ മനുഷ്യൻ



**സി. ഷിനി തെരേസ് മുതുപ്ലാക്കൽ**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

'എന്തിന്? എങ്ങനെ?' തുടങ്ങിയ ചോദ്യചിഹ്നങ്ങൾക്കുമുമ്പിൽ പകച്ചുനില്ക്കാത്തവർ വിരളമായിരിക്കും. എന്തിനു പരിശ്രമിക്കണം? എന്തിനു ചെയ്യണം? ഇനി എന്തിനു തുടരണം? തുടങ്ങിയ ചോദ്യങ്ങൾക്കൊടുവിൽ എന്തിനു ജീവിക്കണം എന്ന ചോദ്യത്തിനുത്തരം കണ്ടെത്താതെ സ്വയംഹത്യയിലൂടെ തോല്‌വി സമ്മതിക്കുന്നവരും ഇന്നു ധാരാളമുണ്ട്. പ്രതീക്ഷ അസ്തമിക്കുന്ന ജന്മങ്ങൾ...

മാനുഷികമായി ചിന്തിച്ചാൽ അല്പം പോലും പ്രതീക്ഷയ്ക്കുവകയില്ലാതെ ജീവിച്ച ഒരു ജന്മത്തിന്റെ ചുരുങ്ങിയ വിവരണം വി.മത്തായി-വി.ലൂക്കാ സുവിശേഷകന്മാരുടെ ആദ്യ അദ്ധ്യായങ്ങളിൽ നമുക്കു കാണാൻ കഴിയും. വി. യൗസേപ്പ്... നിശബ്ദജീവിതത്തിലൂടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും ശബ്ദതരംഗങ്ങൾ ലോകമെങ്ങും നിറച്ചവൻ...

പ്രതീക്ഷ നഷ്ടപ്പെടാവുന്ന ധാരാളം ജീവിതാനുഭവങ്ങളിലൂടെ യൗസേപ്പു പിതാവിന് കടന്നുപോകേണ്ടിവന്നിട്ടുണ്ട്. നീതിമാനായ ഒരു യഹൂദൻ...കുടുംബത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ നെയ്തുതുടങ്ങിയപ്പോഴാണ് അറിയുന്നത് പ്ര

തിശ്രുതവധു ഗർഭിണിയാണെന്ന്! സ്വപ്നങ്ങൾക്കുമേൽ വഞ്ചനയുടെ കരിനിഴൽ പതിച്ചതുപോലെ... ഗർഭിണിയായ കന്യക കല്ലെറിഞ്ഞു കൊല്ലപ്പെടും എന്നറിയാമായിരുന്നതിനാൽ അതിനിട നല്കാതെ രഹസ്യത്തിൽ അവളെ ഉപേക്ഷിക്കാനുള്ള തീരുമാനത്തിൽ ആശ്വാസം കണ്ടെത്താൻ ശ്രമിച്ചപ്പോൾ മനസ്സിന്റെ പിരിമുറുക്കം വർദ്ധിപ്പിച്ചുകൊണ്ട് സ്വപ്നത്തിലൂടെ കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടു. അതിൻപ്രകാരം മറിയത്തെ ഉപേക്ഷിക്കാനുള്ള തീരുമാനത്തിൽനിന്നും ആ നീതിമാന് പിന്തിരിയേണ്ടി വന്നു – സ്വന്തം പ്രതീക്ഷകൾ വീണ്ടും അസ്തമിക്കുന്നു! സ്വപ്നത്തിലൂടെയുള്ള വെളിപ്പെടുത്തലുകൾ താൻ സ്വീകരിക്കണമോ എന്ന ആശങ്കയും യൗസേപ്പിനെ അലട്ടിയിട്ടുണ്ടാവാം.

ഗർഭിണിയായ ഭാര്യയുമൊത്തുള്ള ബേത്‌ലെഹേം യാത്രയിൽ യൗസേപ്പിന്റെ ആശങ്കകൾ വീണ്ടും തുടരുകയായിരുന്നു. മുന്നോട്ടുള്ള ദിനങ്ങൾ എങ്ങനെയായിരിക്കും? എവിടെയൊക്കെ ആയിരിക്കും?... പ്രസവസമയമടുത്തിട്ടും പാർക്കാനിടമില്ലാതെ, ഭവനങ്ങളും സത്രങ്ങളുംനോക്കി അലയേണ്ടിവന്നു. സഹായിക്കാനാരുമില്ലാത്ത അവസ്ഥ. മനസ്സു തകരാൻ ഇനിയെന്തുവേണം?... കുഞ്ഞുണ്ടായതിനുശേഷം ഇടയന്മാരുടെയും പൗരസ്ത്യദേശത്തെ രാജാക്കന്മാരുടെയുമൊക്കെ ആഗമനത്തിൽ സന്തോഷവും സമാധാനവും അനുഭവിച്ച്, എല്ലാം ശാന്തമായി എന്നു കരുതിയിരുന്നപ്പോഴാണ് ഉടൻതന്നെ ഈജിപ്തിലേക്ക് പലായനം ചെയ്യാനുള്ള മുന്നറിയിപ്പ് കർത്താവിന്റെ ദൂതൻ നല്കിയത്. ഭാര്യയും കുഞ്ഞുമായി എങ്ങോട്ടെന്നറിയില്ലാത്ത ഒരു യാത്ര! ഈജിപ്തിൽ ആരു സഹായിക്കും?... എവിടെ, എങ്ങനെ ജീവിക്കും?... അനിശ്ചിതാവസ്ഥയിലൂടെ കടന്നുപോയ ദിവസങ്ങൾ...




അവസാനം ഈജിപ്തിൽച്ചെന്ന് വാസമുറപ്പിച്ച് സ്വസ്ഥമായി കഴിയുമ്പോഴാൾ അടുത്ത നിർദ്ദേശവുമായി കർത്താവിന്റെ ദൂതനെത്തുന്നു. 'ശിശുവിനെ വധിക്കാൻ ശ്രമിച്ചവർ മരിച്ചുകഴിഞ്ഞു; ഇസ്രായേൽദേശത്തേക്ക് തിരികെ പ്പോകുക'. എന്നാൽ അടുത്ത പ്രതിസന്ധിയാണ് യൗസേപ്പിനെ കാത്തിരുന്നത്. എല്ലാം കെട്ടിപ്പെറുക്കി ഇസ്രായേൽദേശത്തേക്ക് പുറപ്പെട്ടു കഴിഞ്ഞപ്പോഴാണ് ഹേറോദേസിന്റെ മകനായ അർക്കലാവോസാണ് യൂദയാ ഭരിക്കുന്നത് എന്നറിഞ്ഞത്. യൂദയായിലേക്കു പോകാൻ ഭയപ്പെട്ട യൗസേപ്പിന് ഒന്നിനു പുറകേ മറ്റൊന്നായി വരുന്ന ദുരിതങ്ങളിൽ നിരാശയും ബാധിക്കാമായിരുന്നു. തദവസരത്തിൽ അഭയമാകുന്ന ദൈവം ഭയത്തിലേക്ക് തള്ളിവിടില്ല എന്ന പ്രതീക്ഷ യൗസേപ്പിനു തുണയായപ്പോൾ നസ്രത്തിൽ തിരുക്കുടുംബത്തിന് ഭവനമൊരുങ്ങി. ശിശുവിനെ ദൈവാലയത്തിൽ കാഴ്ചവച്ചപ്പോൾ ശിമയോൻ പറഞ്ഞ വാക്കുകൾ കേട്ട് 'അവന്റെ പിതാവും മാതാവും അത്ഭുതപ്പെട്ടു' എന്നാണ് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. "ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും... നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" എന്നതുൾപ്പെടെ ശിമയോന്റെ പ്രവചനമൊന്നും മനസ്സിലാകാത്ത അവസ്ഥ. മാത്രമല്ല, പ്രതീക്ഷയോടെ വളർത്തുന്ന മകനെക്കുറിച്ച് കേൾക്കാൻ താല്പര്യപ്പെടാത്ത വാക്കുകൾ... ഈശോയെ കാണാതെ മൂന്നുനാൾ ഉത്ക്കണ്ഠയോടെ അന്വേഷിച്ച് ഒടുവിൽ ദൈവാലയത്തിൽവച്ച് കണ്ടുമുട്ടിയപ്പോൾ ഈശോ

പറഞ്ഞ വാക്കുകളും പ്രതീക്ഷയ്ക്കു വക നല്കുന്നതായിരുന്നില്ല.

വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിൽ കോറിയിരിക്കുന്ന യൗസേപ്പിന്റെ ഈ ജീവിതചിത്രത്തിന് പ്രത്യാശയുടെ നിറങ്ങൾ നല്കാൻ മാനുഷികബുദ്ധിക്ക് പലപ്പോഴും സാധിക്കാതെവരുന്നു. അതുകൊണ്ടാണല്ലോ സമാനമായ ജീവിതാനുഭവങ്ങളിൽ നമുക്ക് അർത്ഥം കണ്ടെത്താൻ സാധിക്കാതെ പോകുന്നത്; ജീവിതയാത്രയിൽ കാലിടറുന്നത്; പലപ്പോഴും വീണുപോകുന്നത്... "പ്രത്യാശ എന്നത് അന്ധകാരത്തിൽ അടിയുറയ്ക്കപ്പെടാതെ, ഭൂതകാലത്തിൽ തളയ്ക്കപ്പെടാതെ, ഭാവിയിലേക്കു നോക്കുന്ന ഒരു ഹൃദയത്തിന്റെ പുണ്യമാണ്" എന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ എപ്പോഴും നമുക്കോർക്കാം.

ദൈവത്തിന്റെ സ്നേഹത്തിലുള്ള ഉറച്ച വിശ്വാസമായിരിക്കണം നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം. അപ്രതീക്ഷിതമായ പല ജീവിതപരീക്ഷണങ്ങളിലും യൗസേപ്പിതാവ് പ്രത്യാശയുടെ മനുഷ്യനായി ഉറച്ചുനിന്നത് ഈ വിശ്വാസമുണ്ടായതിനാലാണ്. 'പ്രതീക്ഷയ്ക്കു വക നല്കുന്നതായി ജീവിതത്തിൽ ഒന്നും അവശേഷിക്കുന്നില്ല എന്നു തോന്നുമ്പോൾപോലും പ്രത്യാശിക്കാൻ കഴിയണം' എന്ന ബെനഡിക്റ്റ് പാപ്പായുടെ വാക്കുകൾ, നമ്മെ സ്നേഹിക്കുന്ന ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിലേക്ക് വളരേണ്ടതിന്റെ ആവശ്യകതയാണ് ചൂണ്ടിക്കാട്ടുന്നത്. കർത്താവ് അറിയാതെ, അനുവദിക്കാതെ ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല. മാനുഷികമായി നോക്കിയാൽ തിന്മയെന്നു നാം കരുതുന്നതെല്ലാം നന്മയായി മാറ്റാൻ അവിടുത്തേക്കു കഴിയും: "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ" (റോമാ 8,28). ഈലോകവ്യാപാരങ്ങളിൽമാത്രം ഒതുങ്ങിനില്ക്കേണ്ടതല്ല ക്രിസ്തീയ പ്രത്യാശ. ദൈവമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയാണ് ആത്യന്തികമായി നമുക്കുണ്ടാകേണ്ടത് എന്ന് വി. പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്: "ദൈവമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ നമുക്ക് അഭിമാനിക്കാം.... പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ 5,2-5). ***പ്രത്യാശയിൽ രക്ഷ എന്ന*** തന്റെ ചാക്രികലേഖനത്തിൽ ബനഡിക്റ്റ് മാർപാപ്പ ചേർത്തിരിക്കുന്ന മനോഹരമായ വാക്കുകൾ പ്രാർത്ഥനാമനോഭാവത്തോടെ നമുക്ക് ആവർത്തിക്കാം: "ആരും എന്നെ ശ്രവിക്കാതിരിക്കുമ്പോഴും ദൈവം എന്നെ ശ്രവിക്കുന്നു. എനിക്ക് ആരോടും സംസാരിക്കാനോ ആരെയും ഉറക്കെ വിളിക്കാനോ സാധ്യമല്ലാത്തപ്പോഴും, എനിക്ക് എപ്പോഴും, ദൈവത്തോടു സംസാരിക്കാം. എന്റെ ഒരാവശ്യത്തിൽ എന്നെ സഹായിക്കാൻ ആരുമില്ലാത്തപ്പോഴും മാനുഷികമായി പ്രത്യാശയ്ക്കു വകയില്ലാത്ത ഒരു പ്രതീക്ഷയുമായി ഞാൻ കഴിയുമ്പോഴും അവിടുത്തേയ്ക്ക് എന്നെ സഹായിക്കാൻ കഴിയും. ഞാൻ പരിപൂർണമായ ഏകാന്തതയിൽ മുങ്ങിയിരുന്നാലും എനിക്കു പ്രാർത്ഥിക്കാൻ കഴിയുന്നെങ്കിൽ ഞാനൊരിക്കലും തീർത്തും തനിച്ചല്ല" (നമ്പർ 32). നമുക്ക് പ്രതീക്ഷയുള്ളവരായിരിക്കാം. ഒപ്പം സഹോദരങ്ങൾക്ക് പ്രതീക്ഷ നല്കുന്നവരുമായിരിക്കാം. പ്രതീക്ഷയുടെ ആൾരൂപമായ വി. യൗസേപ്പ് പിതാവിനോട് അതിനായി മാദ്ധ്യസ്ഥ്യം തേടാം.

"മറ്റുള്ളവർ നിങ്ങൾക്ക് നേരെ കല്ലെറിയുന്നെങ്കിൽ, നിങ്ങൾ അവയെ നാഴികക്കല്ലുകളാക്കി മാറ്റുക". (സച്ചിൻ)





സി. ലീമ സെബാസ്റ്റ്യാൻ എസ്.സി.ജെ.ജി

## സെന്റ് ജോൺ ഓഫ് ഗോഡ് ഹോം ഓഫ് ഹോസ്പിറ്റാലിറ്റി- കൊരട്ടി

# ദൈവത്തിന്റെ കാരുണ്യസ്പർശം



'എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്'(മത്താ. 25:40). രോഗികൾക്കും അശരണർക്കും ആലംബഹീനർക്കും നല്ല സമറിയാക്കാരനായിത്തീർന്ന മനുഷ്യസ്നേഹിയാണ് വി. ജോൺ ഓഫ് ഗോഡ്. ഈ വിശുദ്ധന്റെ കാലടികളെ വിശ്വസ്തതാപൂർവ്വം അനുധാവനം ചെയ്ത് ഹൈറേഞ്ചിന്റെ മണ്ണിൽ സ്നേഹത്തിന്റെ പൂക്കൾ വിരിച്ച് സൗഖ്യദായകനായ ഈശോയുടെ പാത പിന്തുടർന്ന് രോഗിയെ ഈശോയായി കണ്ട് സ്നേഹാദരവുകളോടെ ശുശ്രൂഷിച്ച ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ സേവന വിപ്ലവത്തിന്റെ തുടർച്ചയാണ് ഇന്ന് ഇന്ത്യയുടെ പലഭാഗത്തും പ്രത്യേകിച്ച് എരുമേലിക്കടുത്ത് പുത്തൻകൊരട്ടിയിലുള്ള സെന്റ് ജോൺ ഓഫ് ഗോഡ് ഹോം ഓഫ് ഹോസ്പിറ്റാലിറ്റി

എന്ന സ്ഥാപനം. പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പയുടെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്: "ഒരു സ്ഥാപനം യൗവ്വനം നിലനിർത്തുന്നത് വേരുകളിലേയ്ക്ക് മടങ്ങിയിട്ടാണ്. വേരില്ലാതെ വളർച്ചയില്ല, പൂമൊട്ടുകളില്ലാതെ പുഷ്പിക്കൽ ഇല്ല. ഓർമ്മയില്ലാതെ പ്രവചനമില്ല. പ്രവചനം കൂടാതെ ഓർമ്മയും ഇല്ല". കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിൽ 1993 നവംബർ 23-ന് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഗോഡ് സന്യാസിനി സമൂഹത്തിന്റെ ഒരു ശാഖാഭവനം പുത്തൻകൊരട്ടി ഇടവകയിൽ ആരംഭിച്ചു. 1998 ഡിസംബർ 3-ാം തീയതി ഈ സമൂഹത്തിന്റെ സിദ്ധിയും ചൈതന്യവും പ്രവർത്തിപഥത്തിലാക്കാൻ സെന്റ് ജോൺ ഓഫ് ഗോഡ് ഹോം ഓഫ് ഹോസ്പിറ്റാലിറ്റി എന്ന അഗതിമന്ദിരത്തിന് തുടക്കം കുറിച്ചു. വേദനിക്കുന്നവരും രോഗികളും പരിത്യക്തരായവരുമായ 35-ൽ പരം സഹോദരങ്ങൾ ഇന്നിവിടെ സംരക്ഷണത്തിലുണ്ട്. വി. കുർബ്ബാനയിൽ ഈശോയുടെ സാന്നിദ്ധ്യം അനുഭവിച്ചറിയുന്നതുപോലെതന്നെ അനുദിനം നാം കണ്ടുമുട്ടുന്ന രോഗികളെയും പാവപ്പെട്ടവരെയും ആവശ്യത്തിലിരിക്കുന്നവരെയും ഈശോയായി കണ്ടുകൊണ്ട് അവരെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുകയാണ് ഞങ്ങളുടെ സിദ്ധിയും ലക്ഷ്യവും.

വാർദ്ധക്യത്തിൽ ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കളിലും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന സഹോദരങ്ങളിലും ഈശോയെ കണ്ട് അവരെ കാരുണ്യപൂർവ്വം ശുശ്രൂഷിച്ച് സ്നേഹത്തിന്റെ, സമാധാനത്തിന്റെ, സാന്ത്വനത്തിന്റെ ചൈതന്യം പകരുവാൻ ഈ ശുശ്രൂഷയിലൂടെ ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നു. ആറ് സഹോദരിമാർക്കൊപ്പം ആത്മീയ വളർച്ചയ്ക്കായി ബഹു. സെബാസ്റ്റ്യൻ ചിറക്കലത്തച്ചനും വിവിധ ശുശ്രൂഷകൾക്കായി അല്മായ സഹോദരങ്ങളും സദാ ഈ കുടുംബത്തിന്റെ വിളക്കായി പ്രകാശിക്കുന്നു.

സാധ്യതകളില്ലാത്തിടത്ത് സാധ്യതകൾ ഉളവാക്കുന്ന ദൈവം. മാനുഷിക ദൃഷ്ടിയിൽ അപ്രാപ്യമെന്ന് തോന്നുന്ന കാര്യങ്ങൾ ദൈവം സാധിച്ചുതരുമെന്നും അതിനുവേണ്ടി നാം ഒരിക്കലും കരുതാത്ത വഴികൾപോലും ദൈവത്തിന്റെ കരുണയാൽ നമുക്ക് തുറന്നു നൽകുമെന്നും ഉറച്ചു വിശ്വസിക്കാൻ തക്ക വിധം ഒത്തിരി നന്മ വ്യക്തികളിലൂടെ ദൈവം ഈ ഭവനത്തെ പരിപാലിച്ചുകൊണ്ടുപോകുന്നു. തങ്ങളുടെ സാന്നിദ്ധ്യംകൊണ്ടും പ്രാർത്ഥനകൊണ്ടും സാമ്പത്തികമായി സഹായിച്ചും സാധനങ്ങൾ

**'ശരീരത്തിലൂടെ ആത്മാവിലേയ്ക്ക് എന്ന ആപ്തവാക്യം അനുസരിച്ച് എല്ലാവരെയും ശുശ്രൂഷിക്കുവാൻ ദൈവം ഞങ്ങളെ ഉപകരണങ്ങളാക്കുന്നു.**

വാങ്ങി നൽകിയും ഭക്ഷണം പങ്കുവച്ചുമെല്ലാം ഏറെ ഉപകാരികൾ ഈ ഭവനത്തെ സ്വന്തമെന്നപോലെ പരിഗണിക്കുകയും വളർത്തുകയും ചെയ്യുന്നു. അങ്ങനെ തകർച്ചകളായും നിർഭാഗ്യങ്ങളായും മറ്റുള്ളവർ വിധിയെഴുതിയ ജീവിതങ്ങൾ ഈ ഭവനത്തിന്റെ പ്രകാശമായി നിലകൊള്ളുന്നു.

'ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്' എന്ന ആപ്തവാക്യം അനുസരിച്ച് എല്ലാവരെയും ശുശ്രൂഷിക്കുവാൻ ദൈവം ഞങ്ങളെ ഉപകരണങ്ങളാക്കുന്നു. സ്ഥാപകപിതാവ് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് പഠിപ്പിച്ചത് ഇപ്രകാരമാണ്: ഈശോ ചിരിക്കുന്നത് നിങ്ങൾക്ക് കാണണോ? എങ്കിൽ വേദനിക്കുന്നവരെ, രോഗികളെ ചിരിപ്പിക്കുക. അപ്പോൾ അവരിൽ ഈശോ ചിരിക്കുന്നതു കാണാം.ശുശ്രൂഷക്കായി ദൈവം ഭരമേൽപ്പിച്ചിരിക്കുന്ന അപ്പച്ചന്മാരും അമ്മച്ചിമാരും ഞങ്ങളുടെ സമ്പത്താണ്. ഏതു പ്രതിസന്ധിയിലും പ്രാർത്ഥനയുടെ പിൻബലവുമായി സന്തോഷം സ്ഫുരിക്കുന്ന മുഖവുമായി ഞങ്ങളോടൊപ്പമുള്ളവർ. ഞങ്ങളാണ് അവരുടെ സ്വന്തവും ബന്ധുവുമെല്ലാം. ദൈവത്തിന്റെ വലിയ ഇടപെടൽ ഈ പ്രിയപ്പെട്ടവരിലൂടെ ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.


## ഹോം ഓഫ് ഹോസ്പിറ്റാലിറ്റിയുടെ സവിശേഷതകൾ

നല്ലൊരു കുടുംബാന്തരീക്ഷം, അനുയോജ്യമായ താമസസൗകര്യം, പ്രാർത്ഥനാലയം, വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വ്യക്തികളുടെയും സന്ദർശനവും സഹകരണവും ആവശ്യമനുസരിച്ച് വൈദ്യസഹായം, കലാകായിക കഴിവുകൾ പങ്കുവയ്ക്കുനതിനുള്ള വേദി, കൈത്തൊഴിലുകൾ, ചെടിത്തോട്ട നിർമ്മാണം, ഗ്രൂപ്പ് വർക്ക്, പ്രാർത്ഥനാകൂട്ടായ്മ, ഉല്ലാസവിനോദവേളകൾ എന്നിങ്ങനെ എല്ലാവിധത്തിലും ഭവനാംഗങ്ങളെ സന്തോഷചിത്തരും സംതൃപ്തരുമായി മുന്നോട്ടു കൊണ്ടുപോകുവാൻ ഞങ്ങൾ പരമാവധി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.



ബ്ര. ജോൺസൺ അറയ്ക്കൽ
ഒ.എച്ച്., പയ്യന്നൂർ

# കാരുണ്യത്തിന്റെ പ്രവാചകൻ



ഒരു സമൂഹത്തിന്റെ ചലനശക്തി ആ സമൂഹത്തിന്റെ പ്രതികരണങ്ങളിലൂടെ രൂപപ്പെടുന്നതാണ്. ചിന്തകൾ രൂപപ്പെടുന്നതിൽ ചിന്തകർക്കും പ്രഭാഷകർക്കും ആണ് മുൻസ്ഥാനമുള്ളത്. പ്രഭാഷണത്തിന്റെ പാരമ്പര്യം പ്രവാചകന്റെ പാരമ്പര്യം കൂടിയാണ്.

എന്നാൽ വാക്കുകളിലൂടെ അല്ലെങ്കിലും പ്രവൃത്തികളിലൂടെ സമൂഹത്തിന്റെ ചലനശക്തിയെയും പ്രതികരണശക്തിയെയും വളരെയധികം സ്വാധീനിച്ച ഒരു മഹത്വ്യക്തിയാണ് ദൈവത്തിന്റെ സ്വന്തം ജോൺ.

**എന്തുകൊണ്ടാണ് ഏതാണ്ട് അഞ്ചു നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ച മനുഷ്യനെ നമ്മൾ ഈ നൂറ്റാണ്ടിലും ഓർക്കുന്നത്?**

ഏതാണ്ട് അറുപതിനായിരം സഹപ്രവർത്തകരും ആയിരത്തിയഞ്ഞൂറോളം അനുയായികളും, ഒത്തിരിയേറെ സഹോദരികളും അദ്ദേഹത്തിന്റെ പാത പിന്തുടരുന്നത്? എന്തുകൊണ്ടാണ് സഹപ്രവർത്തകർക്ക് ഓരോ ദിവസവും ലോകമെമ്പാടും പതിനായിരക്കണക്കിന് രോഗികളേയും സഹായമാവശ്യമായവരേയും ശുശ്രൂഷിക്കാൻ സാധിക്കുന്നത്?

ഒത്തിരിയൊത്തിരി ഉത്തരങ്ങൾ നമുക്ക് കണ്ടെത്തുവാൻ കഴിഞ്ഞിരിക്കാം, എന്നാൽ ദൈവത്തിന്റെ വിശുദ്ധ ജോണിന്റെ പ്രതികരണശക്തി വളരെ ക്രിയാത്മകവും ഭാവികാലത്തിന്റെ പ്രതീക്ഷയുമായിരുന്നു. ഇച്ഛാശക്തിയുള്ളതും വിപ്ലവപ

രവുമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. കാലത്തിന്റെ ആവശ്യങ്ങളെ കണ്ടറിഞ്ഞ, പ്രതികരണശക്തിയുള്ള ഒരു യുവാവിന്റെ സ്വപ്നങ്ങൾ അദ്ദേഹത്തിന്റെ സഹപ്രവർത്തകരെക്കൊണ്ട് പ്രാവർത്തികമാക്കിയ സ്നേഹത്തിന്റെ പ്രതിഛായയാണ് വിശുദ്ധ ജോൺ ഓഫ് ഗോഡ്. അതുകൊണ്ടുതന്നെയാണ് ജോൺ ഓഫ് ഗോഡ് സഭാസമൂഹത്തിലെ സഹപ്രവർത്തകർ വർത്തമാനകാലത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന വ്യക്തികൾ ആകുന്നത്.




വിശുദ്ധ ജോൺ ഓഫ് ഗോഡിനെപ്പോലെ ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും അപ്പുറത്തായിരിക്കട്ടെ നമ്മുടെ ചിന്തകളും പ്രവൃത്തികളും. വർണ്ണശബളമായ, പ്രകാശപൂരിതമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാൻ നമുക്കും പ്രവർത്തിക്കാം. രോഗീശുശ്രൂഷയിൽ എല്ലാവരും ഒന്നിച്ച് കൈകോർക്കേണ്ട സമയം സമീപകാലത്തിന്റെ ആവശ്യകതയാണ്. രോഗീശുശ്രൂഷയിൽ സ്നേഹത്തിന്റെ മാലാഖമാരായി രാപ്പകൽ അധ്വാനിക്കുന്ന നേഴ്സുമാരുടെ ത്യാഗജീവിതം ഏറെ വിലമതിക്കപ്പെടേണ്ടതുതന്നെ. രോഗീപരിചരണത്തിന് സ്വജീവിതത്തിലൂടെ 16-ാം നൂറ്റാണ്ടിൽ പുതിയ രൂപഭാവങ്ങൾ നൽകിയ ജോൺ ഓഫ് ഗോഡിന്റെ ആത്മാവിനെ നാം അറിയണം. അദ്ദേഹത്തിന്റെ ദൈവത്തോടുള്ള പ്രത്യുത്തരത്തെ ഉള്ളുകൊണ്ടറിയണം. അദ്ദേഹത്തിന്റെ ക്രിയാത്മകശക്തിയെ വിശകലനം ചെയ്യണം.

ചില മഹാത്മാക്കൾ അപൂർവ്വമായി വിരിയുന്ന കുറിഞ്ഞി പൂക്കൾ പോലെയാണ്. അവ പുഷ്പിക്കുന്നത് കാണാൻ സാധിക്കുക എന്നുള്ളത് എത്ര ഭാഗ്യം. വി.ജോൺ ഓഫ് ഗോഡിന്റെ ആത്മീയശൈലികളെ നെഞ്ചിലേറ്റിയ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെയും ബ്ര. അൽഫോൻസിന്റെയും ബ്ര. പ്രകാശിന്റെയുമൊക്കെ കാലത്ത് ജീവിക്കുവാൻ സാധിച്ച നമ്മൾ എത്ര ഭാഗ്യവാന്മാർ. ഇവരെപ്പോലെ നമുക്കും വർത്തമാനകാലത്തിൽ നവീനആശയങ്ങളും പ്രവർത്തനരീതികളും സ്വീകരിക്കാം.

ആഹ്ലാദപൂർണ്ണമായ ദിനങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകണമെങ്കിൽ അനുകമ്പയുള്ള, സഹതാപമുള്ള ഒരു നിമിഷത്തിലൂടെ നമ്മൾ കടന്നുപോകണം. ഭീതിയില്ലാത്ത, ധർമ്മമുള്ള, ദൈവഭയമുള്ള വി.ജോൺ ഓഫ് ഗോഡിന്റെ ജീവചരിത്രം ഈ നോമ്പുകാലത്തിൽ നമുക്കതിന് ശക്തി പകരട്ടെ.ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കാരുണ്യത്തിന്റെ പ്രവാചകരാകുവാൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട നമുക്ക് ദൈവത്തിന്റെ സ്വന്തം ജോണിന്റെ ജീവിതം പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമാകട്ടെ.



"സമുദ്ര ജലത്തിലെ ഏതാനും തുള്ളികൾ
മലിനമായാൽ സമുദ്രം മുഴുവൻ
മലിനമാകില്ല. മനുഷ്യനും മനുഷ്യവംശവും
അതുപോലെയാണ് ". - ഗാന്ധിജി




Printed and Published by SrVimala George on behalf of Sisters of Charity of St John of God and
Printed at Sterling Print House (P) Ltd. Door No:49/1849, Ponekkara P.O., Cochin-682 041.
Published at Sisters of Charity of St John of God, Kattappana South P.O., Idukki (Dt) 685 515.
E- mail: fortunekpna@gmail.com, Website: www.scjg.in., Editor: SrVimala George

# SISTERS OF CHARITY OF ST JOHN OF GOD




## CONTACT DETAILS

**Vocation Promoter**
**Sisters of Charity of St John of God**
**Kattappana south P.O**
**Ph:04868 272744, Mob: 9961107153**
**E-mail- vocationscjg@gmail.com, Website- www.scjg.in**